PL. INST. Nov. 91

കേരള സാക്ഷരതാ സമിതി

അക്ഷരകേരളം

സാക്‌ഷരതായജ്‌ഞം
രണ്ടാം ഘട്ടം

ഇൻസ്‌ട്രക്‌ററർമാർക്കുള്ള കുറിപ്പുകൾ

കേരള സാക്ഷരതാ സമിതി

അക്ഷരകേരളം

കുറിപ്പുകൾ

രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം

"സാക്ഷരതാ പ്രവർത്തനമെന്നാൽ എഴുത്തും വായനയും അഭ്യസിപ്പിക്കൽ മാത്രമല്ല, കൂടുതൽ നന്നായി ജീവിക്കാൻ പഠിപ്പിക്കുക എന്നതുകൂടിയാണ്." മഹാത്മജിയുടെ ഈ വാക്കുകൾ നാം എന്നും ഓർക്കേണ്ടതാണ്. ആ നിലയിൽ ചിന്തിക്കുമ്പോൾ ഒന്നാംഘട്ടം സാക്ഷരതാ പ്രവർത്തനത്തിലൂടെ ഭാഗികമായി മാത്രമെ ലക്ഷ്യം കൈവരിക്കുന്നതിന് നമുക്ക് സാധിച്ചിരുന്നുള്ളു. നിരക്ഷരർക്ക് അക്ഷരജ്ഞാനം, അക്കജ്ഞാനം, പൊതുവിജ്ഞാനം എന്നിവ ഉണ്ടാക്കിക്കൊടുക്കുന്നതിനാണ് ഒന്നാംഘട്ടം പ്രവർത്തനത്തിൽ നാം മുൻതൂക്കം കൊടുത്തിരുന്നത്. ഒന്നാംഘട്ടത്തിന്റെ അവസാനം എഴുത്ത്, വായന, കണക്ക്, പൊതുവിജ്ഞാനം, പെരുമാററവ്യത്യാസം എന്നീ മേഖലകളിൽ അവർ കൈവരിച്ച നേട്ടം നാം വിലയിരുത്തുകയും ആകെ 12.22 ലക്ഷം നിരക്ഷരർക്ക് നിർദ്ദിഷ്ട നിലവാരത്തിലെത്തുന്നതിന് സാധിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ഉണ്ടായി. കേരളത്തിലെ സാക്ഷരതാ ശതമാനം 90-ലധികം ആയതിനാൽ നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കേരളം പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമായി 1991 ഏപ്രിൽ മാസം 18-ാം തീയതി പ്രഖ്യാപിക്കപ്പെടുകയുണ്ടായി. തുടർന്ന് രണ്ടാംഘട്ട പ്രവർത്തനത്തിന്റെ മുന്നോടിയായി തൊട്ടടുത്തുള്ള നാലോ അഞ്ചോ ക്ലാസ്സുകൾ ചേർത്ത് അക്ഷരസംഘങ്ങൾ രൂപീകരിക്കുന്നതിന് നാം തീരുമാനിച്ചിരുന്നുവെങ്കിലും പല കാരണങ്ങളാൽ ആ ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിരുന്നില്ല. എഴുത്ത്, വായന, ബോധവൽക്കരണം എന്നീ പരിപാടികൾ തുടർന്നും അഭ്യസിപ്പിക്കേണ്ടതായിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്താണ് അക്ഷരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് അത് ഒന്നാംഘട്ടത്തിന്റെ തുടർച്ചയായ പരിപാടി ആയിരിക്കണം. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ആസൂത്രിതമായ പരിപാടികളുമായി ഇനി മുന്നോട്ട് പോയാൽ മാത്രമെ വിജയം കൈവരിക്കുന്നതിന് നമുക്ക് സാധിക്കുകയുള്ളൂ. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി

നേടിയെടുത്ത അടിസ്ഥാന സാക്ഷരത ഉറപ്പിക്കുന്നതിനും ഉയർന്ന ബോധനിലവാരത്തിലേക്ക് നവസാക്ഷരരെ എത്തിക്കുന്നതിനുമാണ് രണ്ടാംഘട്ട പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. എങ്കിലും കേരളത്തിലെ സാക്ഷരതാ രംഗം കഴിഞ്ഞ 5 മാസമായി ഏതാണ്ട് നിശ്ചലമായി കിടന്നിരുന്നതിനാൽ നവസാക്ഷരരിൽ പലരും അവരറിയാതെ നിരക്ഷരതയിലേക്ക് വഴുതി വീഴുകയുണ്ടായി. നവസാക്ഷരരുടെ തുടർവിദ്യാഭ്യാസത്തിന് പുറമെ സാക്ഷരതാ കേന്ദ്രങ്ങളിൽ എത്താത്തവരെയും നേരത്തെ സാക്ഷരതാ ക്ലാസ്സുകളിൽ വരികയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്തവരെക്കൂടി ഈ ഘട്ടത്തിൽ കൊണ്ടുവരുന്നതിന് ഉദ്ദേശമുണ്ട്.

സംസ്ഥാനവ്യാപകമായി സാക്ഷരതാ ക്ലാസുകൾ നടത്താൻ നമുക്ക് സാധിച്ചിരുന്നുവെങ്കിലും എല്ലായിടത്തും മൂന്നുപ്രൈമറുകളും പഠിപ്പിച്ചു തീർക്കുന്നതിന് സാധിച്ചിരുന്നില്ല. ചിലയിടങ്ങളിൽ രണ്ടെണ്ണം മാത്രമേ പഠിപ്പിച്ചിരുന്നുള്ളു. മററു ചിലയിടങ്ങളിൽ രണ്ടാം പ്രൈമറിൻെറ പകുതി മാത്രമെ പഠിപ്പിക്കുന്നതിന് സാധിച്ചിരുന്നുള്ളു. ഇപ്രകാരം പ്രൈമറുകൾ മുഴുവൻ പഠിപ്പിച്ചു തീർക്കാൻ കഴിയാത്ത കേന്ദ്രങ്ങളിലെ പഠിതാക്കൾക്കായി പ്രത്യേക ഹ്രസ്വകാല ക്ലാസുകൾ നടത്തുകയും അവരെ രണ്ടാം ഘട്ടത്തിലേക്ക് വരുന്നതിന് പ്രാപ്തരാക്കി എടുക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ, തീരദേശത്തുള്ള മൽസ്യത്തൊഴിലാളികൾ, ഭാഷാന്യൂനപക്ഷക്കാർ എന്നിവരുടെ ഇടയിൽ സാക്ഷരതാ പ്രവർത്തനം ഫലപ്രദമായി നടത്തുവാൻ പല കാരണങ്ങൾകൊണ്ടും കഴിഞ്ഞിട്ടില്ല. ഇവരുടെ മേഖലകൾക്ക് അതിൻെറതായ പ്രത്യേകതകളുണ്ടല്ലോ. ഈ വിഭാഗക്കാരെക്കൂടി 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പഠിപ്പിച്ചാൽ മാത്രമെ സാക്ഷരതാ പ്രവർത്തനം പൂർണ്ണ വിജയമായി എന്ന് അവകാശപ്പെടാൻ സാധിക്കുകയുള്ളൂ. രണ്ടാംഘട്ട പദ്ധതിയിൽ ഇക്കാര്യവും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നവസാക്ഷരർക്കുള്ള തുടർവിദ്യാഭ്യാസത്തിനാണ് സാക്ഷരതയുടെ രണ്ടാംഘട്ടത്തിൽ കൂടുതൽ പ്രാമുഖ്യം കൊടുത്തിരിക്കുന്നത്. തുടർവിദ്യാഭ്യാസത്തിനുവേണ്ടി ദേശീയ സാക്ഷരതാമിഷനിൽ നിന്നും ജനശിക്ഷണനിലയങ്ങൾ അനുവദിച്ചുകിട്ടുമെങ്കിലും കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനശിക്ഷണനിലയങ്ങൾ ജനവിദ്യാകേന്ദ്രങ്ങൾ എന്ന പേരിൽ നാമകരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. നവസാക്ഷരരുടെ അക്ഷരജ്ഞാനവും അക്കജ്ഞാനവും മെച്ചപ്പെടുത്തുക, അവർക്കുവേണ്ടി അനുയോജ്യമായ വർത്തമാനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുള്ള വായനശാലകളിൽ നവസാക്ഷര കോർണർ തുടങ്ങുക, പൊതു പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദി ഒരുക്കുക, കാർഷിക വ്യാവസായിക രംഗങ്ങ

ളിലെ പുതിയ പ്രവണതകൾ, ആരോഗ്യം, കുടുംബാസൂത്രണം, കന്നുകാലി സംരക്ഷണം, മീൻവളർത്തൽ, സഹകരണ നേതൃത്വം, മാനേജ്മെൻറ്, ഊർജ്ജസംരക്ഷണം, മെച്ചപ്പെട്ട അടുപ്പുകൾ എന്നീ കാര്യങ്ങളെക്കുറിച്ചുള്ള പരിശീലനം നടത്തുക, പരമ്പരാഗത നാടൻ കലാരൂപങ്ങൾ ഉൾപ്പെടെ സാംസ്കാരിക വിനോദ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ വികസന പരിപാടികളെ സംബന്ധിച്ച ശരിയായ വിവരങ്ങൾ നവസാക്ഷരർക്ക് ലഭ്യമാക്കുക, റേഡിയോ, ടി. വി. എന്നീ വാർത്താവിനിമയ മധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നിവ ജെ. വി. കെ. ഏറെറടുത്തു നടത്തേണ്ട പ്രവർത്തനങ്ങളാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ജെ. വി. കെ. വായനശാലയുമായോ അംഗൻവാടി, ബാലവാടി, സ്ക്കൂൾ, മററ് പൊതു സ്ഥാപനങ്ങൾ എന്നിവ കേന്ദ്രമാക്കിയോ നടത്താവുന്നതാണ്. ഒരു പഞ്ചായത്തിൽ അഞ്ചോ ആറോ ജെ.വി.കെ.അനുവദിക്കുന്നതാണ്.നേരത്തെ സൂചിപ്പിച്ച പോലെ ഒന്നാംഘട്ടം കഴിഞ്ഞ് രണ്ടാംഘട്ടം തുടങ്ങുന്നതിന്കാലതാമസം നേരിട്ട സാഹചര്യം കണക്കിലെടുത്ത് രണ്ടാംഘട്ടത്തിൻെറ ആദ്യപടിയായി നവസാക്ഷരരെ 40—50 മണിക്കൂർ മൂന്നു പാഠാവലികളും ആവർത്തിച്ച് പഠിപ്പിക്കുന്നതിനാണല്ലോ നാം ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ഹ്രസ്വകാല പരിശീലനം കൊണ്ട് അടിസ്ഥാന സാക്ഷരതയുടെ നില ഗണ്യമായി ഉയർത്താൻ സാധിക്കും. നിർദ്ദിഷ്ട സാക്ഷര നിലവാരം കൈവരിച്ചവർക്ക് മാത്രമെ ജെ.വി.കെ. യുടെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളു. അവർക്കുള്ള ഹ്രസ്വകാല പരിശീലനത്തിനുശേഷം തൊട്ടടുത്തുള്ള നാലോ അഞ്ചോ പഠന കേന്ദ്രങ്ങൾ യോജിപ്പിച്ച് ഒരു ലിററസി സർക്കിൾ ഉണ്ടാക്കുകയും അത്തരം കേന്ദ്രങ്ങളിൽ നവസാക്ഷരർ ആഴ്ചയിൽ രണ്ടു തവണ സമ്മേളിക്കുകയും ജെ. വി. കെ. മുഖേന കിട്ടുന്ന ലഘുപുസ്തകങ്ങളും, വർത്തമാനപത്രങ്ങളും സ്വയം വായിച്ചു പഠിക്കുകയും വേണം. വായിക്കുന്നതിനും ഗ്രഹിക്കുന്നതിനും പ്രയാസമുള്ളവരെ പരിശീലനം കിട്ടിയ ഇൻസ്ട്രക്ററർമാർ സഹായിക്കേണ്ടതുണ്ട്. ജെ. വി. കെ. ക്കും, ലിററസി സർക്കിളിനും ജനകീയ കമ്മിററി ആവശ്യമാണ്. സന്നദ്ധ പ്രവർത്തനം നടത്തുന്നതിന് തയ്യാറുള്ള ഒരാൾ ജെ. വി. കെ. യുടെ കൺവീനറായി ഉണ്ടായിരിക്കണം.

40—50 മണിക്കൂർ മൂന്നു പ്രൈമറുകളും ആവർത്തിച്ച് പഠിപ്പിക്കുന്നതോടു കൂടി നവസാക്ഷരർക്ക് അടിസ്ഥാന സാക്ഷരത വീണ്ടും ആർജ്ജിക്കുന്നതിന് സാധിക്കണം. തുടർന്ന് അവർക്ക് കൊടുക്കുന്നതിനുള്ള പ്രൈമർ 4(പി.എൽ.1)ൻെറ ജോലി നടന്നുകൊണ്ടിരിക്കുകയാണ്. പി.എൽ. 1 പഠിക്കുന്നതോടെ ഉയർന്ന ബോധനിലവാരത്തിലെത്തുന്ന അവർക്ക് ഒട്ടനവധി ലഘു പുസ്തകങ്ങൾ സംസ്ഥാനകേന്ദ്രം

തയ്യാറാക്കി എത്തിക്കുന്നതാണ്. കൃഷി, കുടിൽ വ്യവസായം, ആരോഗ്യം, പരിസ്ഥിതി, പാർപ്പിടം, ജനാധിപത്യം, നാടൻ കലകൾ, ശിശുസംരക്ഷണം തുടങ്ങി ഒട്ടേറെ മേഖലകളിലാണ് പുതിയ പുസ്തകങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രാദേശികമായും ധാരാളം ലഘു പുസ്തകങ്ങൾ സമാഹരിക്കാവുന്നതാണ്. തുടർ വിദ്യാഭ്യാസരംഗത്ത് വായനശാലകൾക്ക് ഗണ്യമായ പങ്ക് വഹിക്കാൻ സാധിക്കണം. ഒരു വായനശാലയുടെ ചുററുവട്ടത്തിലുള്ള നവസാക്ഷരരെ വരിസംഖ്യ കൂടാതെ അതിൽ അംഗമാക്കാനുള്ള പരിപാടി ഏററവും അത്യാവശ്യമാണ്.

സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി സർക്കാർ നല്കുന്ന സാമ്പത്തിക ആനുകൂല്യങ്ങളെക്കുറിച്ച് നവസാക്ഷരരെ ബോധവന്മാരാക്കണം. ഇവ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കണം. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് അവർക്ക് സ്വയം രക്ഷപ്പെടുന്നതിനുള്ളവഴി നാം മനസ്സിലാക്കിക്കൊടുക്കണം. നവസാക്ഷരർക്കുള്ള തുടർ വിദ്യാഭ്യാസപരിപാടിയുടെ ഏററവും പ്രധാനപ്പെട്ട ഇനമാണ് തൊഴിൽ പരിശീലനം. നവസാക്ഷരരിൽ പലരും ഏതെങ്കിലും തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നവരായിരിക്കുമല്ലോ. അവർക്ക് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലിൽ കൂടുതൽ വൈഭവം നേടാൻ സഹായിക്കുന്ന പരിശീലനം തുടർ വിദ്യാഭ്യാസത്തിൻെറ ഭാഗമായി നൽകണം. ചില പദ്ധതികളുടെ ആനുകൂല്യം അനുവദിക്കുമ്പോൾ നവസാക്ഷരർക്ക് മുൻഗണന കിട്ടുന്നതിനുള്ള ഗവ: ഉത്തരവ് കിട്ടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നവസാക്ഷരരുടെ താല്പര്യം, അവർ ജീവിക്കുന്ന സാഹചര്യം, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, തൊഴിൽ ചെയ്ത് ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ വിററഴിക്കുവാനുള്ള സൗകര്യം തുടങ്ങിയവയെല്ലാം കണക്കിലെടുത്തുവേണം തൊഴിൽ പരിശീലനം നൽകേണ്ടത്. ഉല്പാദനക്ഷമമായ തൊഴിലിൽ ഏർപ്പെടുന്നതുവഴി അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതോടൊപ്പം സാക്ഷരതാ പ്രവർത്തനങ്ങളുടെ പ്രസക്തി വർദ്ധിക്കുകയും ചെയ്യും. സാക്ഷരത നേടിയാൽ തങ്ങളുടെ ജീവിതസ്ഥിതി മെച്ചമാക്കാൻ സാധിക്കുമെന്ന് ബോധ്യപ്പെട്ടാൽ തുടർ വിദ്യാഭ്യാസ പരിപാടിയിലേക്ക് അവർ തനിയെ ആകൃഷ്ടരാകും. സർക്കാരിൻെറ വിവിധ വകുപ്പുകളുമായി സഹകരിച്ചുവേണം നവസാക്ഷരർക്ക് തൊഴിൽ പരിശീലനം നൽകേണ്ടത്. തുടർ വിദ്യാഭ്യാസ പരിപാടികൾക്ക് ആക്കം കൂട്ടുന്നതിന് ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത്-വാർഡ് തലത്തിൽ ജനകീയ കമ്മററികൾ അത്യന്താപേക്ഷിതമാണ്.

ക്ലാസ്സുകൾ പുനരാരംഭിക്കലും ജനപങ്കാളിത്തം ഊർജ്ജിതപ്പെടുത്തലും

നാം ആവേശപൂർവം, ആത്മാർപ്പണ ബോധത്തോടെ വളർത്തിയെടുത്ത സാക്ഷരതാപ്രസ്ഥാനം ഇന്ന് ഒരു വെല്ലുവിളിയെ നേരിടുകയാണ്. ഏപ്രിൽ 18-ന കോഴിക്കോട്ടവെച്ച നടത്തിയ സംപൂർണ സാക്ഷരതാ പ്രഖ്യാപനം ഭാരതത്തിലാകെയും ആഗോളതലത്തിൽ തന്നെയും മാറെറാലിക്കൊണ്ടുവെങ്കിലും, കഴിഞ്ഞ 6 മാസക്കാലത്തെ നിഷ്ക്രിയത്വം നമ്മുടെ പഠിതാക്കളെയും ഇൻസ്ട്രക്ററർമാരെയും പ്രവർത്തകരെയും തളർത്തിയിരിക്കുകയാണ്, നിരാശരും ദുഃഖിതരുമാക്കിയിരിക്കുകയാണ്. ഇതുവരെ നിരവധി ക്ലേശങ്ങരം സഹിച്ച് നമ്മോടൊപ്പം പ്രവർത്തിച്ചിരുന്ന പല ഇൻസ്ട്രക്ററർമാരും മാസ്റ്റർ ട്രെയിനർമാരുംമ ററു പ്രവർത്തകരും ഇനി ഈ പരിപാടി ഉണ്ടാവില്ലെന്ന ധാരണയിൽ പ്രസ്ഥാനത്തിൽനിന്നു അകന്നു പോയിക്കഴിഞ്ഞിരിക്കുന്നു. മലപ്പുറത്ത് ഒക്ടോബർ 2-ന നടന്ന സാക്ഷരതായജ്ഞം രണ്ടാംഘട്ട ഉൽഘാടനത്തോടുകൂടി മാത്രമാണ് പരിപാടി തുടരുമെന്ന വിശ്വാസം സംസ്ഥാനത്തെങ്ങും വളരാൻ തുടങ്ങിയത്. ഈ വിശ്വാസം ദൃഢതരമാക്കുകയും കക്ഷിഭേദമന്യേ എല്ലാവരെയും ഈ തുടർ വിദ്യാഭ്യാസ പരിപാടിയിൽ സജീവ പങ്കാളികളാക്കുകയുമാണ് അടിയന്തിര കർത്തവ്യം.

ക്ലാസ്സുകൾ പുനരാരംഭിക്കുക

ഇന്ന് നമ്മുടെ മുൻപിലുള്ള ഏററവും വലിയ പ്രശ്നം മുടങ്ങിക്കിടക്കുന്ന ക്ലാസ്സുകരം മുഴുവൻ എങ്ങിനെ പുനരാരംഭിക്കാമെന്നതാണ്. മൂല്യനിർണയം വിജയകരമായി പൂർത്തിയാക്കിയവരും പാഠാവലികരം മുഴുവനും പൂർത്തിയാക്കാത്തവരുമായ എല്ലാ പഠിതാക്കളെയും വീണ്ടും ക്ലാസ്സുകളിൽ കൊണ്ടുവരണം. ക്ലാസ്സുകരം നിലനിർത്തണം. മൂല്യനിർണയം പൂർത്തിയാക്കിയവരുടെ അറിവിൻെറ നിലവാരം ശ്രദ്ധാപൂർവം വിലയിരുത്തി മറന്നുപോയ കാര്യ

ങ്ങൾ വീണ്ടും അവരുടെ മനസ്സിലുറപ്പിക്കാൻ യത്നിക്കണം, പാഠാവലികൾ പൂർത്തിയാക്കാത്തവരുടെ കാര്യം പ്രത്യേകം മനസ്സിരുത്തി പഠനം മുഴമിപ്പിച്ച് മൂല്യനിർണ്ണയം നടത്തണം ഇതു ചെയ്യില്ലെങ്കിൽ അവർ നിരക്ഷരതയിലേക്കു വീണ്ടും വഴുതി വീഴും. അതോടൊപ്പം തന്നെ ബാക്കി നില്ക്കുന്ന നിരക്ഷരരെയും പുതുതായി ഔപചാരിക വിദ്യാഭ്യാസ രംഗത്തുനിന്ന് കൊഴിഞ്ഞു പോയിട്ടുള്ളവരെയും സാക്ഷരതാക്ലാസ്സുകളിൽ എത്തിക്കണം. കൂടാതെ, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കു് നിർത്താനുള്ള കഠിന ശ്രമവും ആവശ്യമാണ്.

ഈ പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ആദ്യമായി വേണ്ടതു് ഇൻസ്ട്രക്ടർമാരും മററു പ്രവർത്തകരുമായി ബന്ധം സ്ഥാപിക്കലാണ്. അവരിൽ വന്നിട്ടുള്ള നിരാശാബോധവും നിഷ്ക്രിയത്വവും അകററി വിശ്വാസവും ആവേശവും പകരാൻ നമുക്കു് കഴിയണം. നമുക്കുതന്നെ പരിപാടിയിൽ ഉറച്ച ശുഭാപ്തി വിശ്വാസവും ആവേശവും ഉണ്ടെങ്കിലേ ഇതിനു് കഴിയൂ. സാക്ഷരതായജ്ഞത്തിന്റെ ജനകീയ സ്വഭാവം നഷ്ടപ്പെട്ടുകൂടാ എന്നു മാത്രമല്ല, കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും വേണം. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗങ്ങളെയും എല്ലാ തലങ്ങളിലും പങ്കെടുപ്പിക്കാൻ ബോധപൂർവം ശ്രമിക്കണം. നമ്മുടെ പ്രവർത്തനങ്ങളിൽ വന്നുകൂടിയിരിക്കാവുന്ന വീഴ്ചകൾ തിരുത്തി ജനപങ്കാളിത്തവും ആവേശവും വർദ്ധിപ്പിക്കാനുള്ള പ്രാദേശികവും തദ്ദേശിയവുമായ നൂതനമാർഗ്ഗങ്ങളും സങ്കേതങ്ങളും കണ്ടെത്തി പ്രാവർത്തികമാക്കണം. ഈ രംഗങ്ങളിൽ കീ-റിസോഴ്സ് പേഴ്സൺസിന്റെയും, ആർ. പി. മാരുടേയും, മാസ്റ്റർ ട്രെയിനർമാരുടെയും പങ്ക് വളരെ പ്രധാനമാണ്.

ഏകദിന ഭവന-സന്ദർശന പരിപാടി

പഠിതാക്കളും പ്രവർത്തകരുമായി ബന്ധപ്പെടുന്നതിനും, പഠിതാക്കളിലും നവസാക്ഷരരിലും ഉത്സാഹം പകരുന്നതിനും രണ്ടാം ഘട്ടത്തെപ്പററി വിപുലമായ ബഹു ജനബോധവൽക്കരണം നടത്തുന്നതിനുമായി ഡിസംബർ 14-നു സംസ്ഥാന വ്യാപകമായ ഒരു ഏകദിന ഭവന-സന്ദർശന പരിപാടി നടത്തുന്നതാണ്. എല്ലാ വിഭാഗം ജനങ്ങളെയും എല്ലാതലത്തിലുമുള്ള ജനനേതാക്കളെയും സന്നദ്ധ-സാമൂഹ്യ-സംസ്കാരിക വിദ്യാഭ്യാസപ്രവർത്തകരെയും ഈ സന്ദർശന പരിപാടിയിൽ പങ്കെടുപ്പിച്ച് വിജയിപ്പിക്കാണം. അതിനു് റിസോഴ്സ് പേഴ്സൺസും മാസ്റ്റർ ട്രെയിനർ

മാരും ഇൻസ്ട്രക്ടർമാരും മററു പ്രവർത്തകരും ഒത്തുചേർന്ന് ശ്രമിക്കണം.

അക്ഷര പുനസ്സമാഗമം

ഡിസംബർ 14-ന്റെ ഏകദിനഭവന സന്ദർശന യജ്ഞത്തിന് മുന്നോടിയായി, സംസ്ഥാനവ്യാപകമായി ഡിസംബർ 1 മുതൽ 10-ാം തീയതി വരെ വാർഡുതല സാക്ഷരതാ പ്രവർത്തകരുടെയും പഠിതാക്കളുടെ ഇൻസ്ട്രക്ടർമാരുടെയും നേതൃത്വത്തിൽ പുനസ്സമാഗമ യോഗങ്ങൾ എല്ലാ വാർഡുകളിലും സംഘടിപ്പിക്കണം. ഈ പുനസ്സമാഗമ യോഗങ്ങളിൽ സ്ഥലത്തെ ജനനേതാക്കളെ പങ്കെടുപ്പിക്കുകയും പഠിതാക്കളെയും ഇൻസ്ട്രക്ടർമാരെയും അനുമോദിക്കുകയും വേണം. സർട്ടിഫിക്കററുകൾ വിതരണം ചെയ്യാത്തയിടങ്ങളിൽ അതു നടത്തുകയും വേണം. ഈ പ്രവർത്തനത്തിന്റെ ഫലമായി പ്രവർത്തകരുടെയാകെ ഉന്മേഷവും ഉത്സാഹവും കുറെയൊക്കെ വീണ്ടെടുക്കാൻ കഴിയും. ഈ യോഗങ്ങളിൽ ഇൻസ്ട്രക്ടർമാരുടെയും നവസാക്ഷരരുടെയും മററു പഠിതാക്കളുടെയും പ്രവർത്തകരുടെയും കലാ പ്രകടനങ്ങളും കാഴ്ചവയ്ക്കാവുന്നതാണ്.

സാക്ഷരതായജ്ഞം-ജനകീയ പരിപാടി

പരിപാടിയുടെ ജനകീയ സ്വഭാവം തുടർന്ന് നിലനിർത്തുന്നതിനും എത്തിപ്പെടുത്തുന്നതിനും ആദ്യമായി വേണ്ടത് ജില്ല മുതൽ വാർഡുവരെയുള്ള സാക്ഷരതാസമിതികളെ സജീവമാക്കുകയാണ്. അക്കാദമിക് കൗൺസിലുകളും രക്ഷാധികാര സമിതികളും പുനരുജ്ജീവിപ്പിക്കണം. അവ ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിച്ച് നിരന്തരമായ സമ്പർക്കത്തിലൂടെ ഈ സമിതി അംഗങ്ങളിലും ഇൻസ്ട്രക്ടർമാർ, മററു പ്രവർത്തകർ എന്നിവരിലും ആവേശം പകരണം. ഇതിലേക്ക് ഗ്രൂപ്പ് ചർച്ചായോഗങ്ങൾ, ഇൻസ്ട്രക്ടർമാരുടെയും പഠിതാക്കളുടെയും കലാപരിപാടികൾ, ഭവനസന്ദർശനങ്ങൾ, ചുവരെഴുത്ത്, വാർത്താബോർഡ്, കയ്യെഴുത്ത് പോസ്റ്ററുകൾ എന്നീ സങ്കേതങ്ങൾ പ്രയോജനപ്പെടുത്താം, ആകാശവാണിയുടെ ചൊവ്വാ, ബുധൻ ദിവസങ്ങളിൽ എല്ലാ ആഴ്ചയും രാവിലെ 07.05-ന് പ്രക്ഷേപണം ചെയ്യുന്ന സാക്ഷരതാ പരിപാടി ശ്രദ്ധിക്കാൻ അവരെ പ്രേരിപ്പിക്കുന്നതും സഹായകമാവും. യോഗസ്ഥലങ്ങളിലും മററു പൊതുവേദികളിലും അക്ഷരകേരളം കാസററുകളിലെ പാട്ടുകൾ കേൾപ്പിക്കുന്നതും പഠിതാക്കളും ഇൻസ്ട്രക്ടർമാരും പങ്കെടുക്കുന്ന കലാപരിപാടികൾ സംഘടിപ്പിക്കുന്നതും ആവേശത്തിന്റെ പുത്തൻ നാമ്പുകൾ സൃഷ്ടിക്കുവാൻ

സഹായിക്കും. പഠിതാക്കളും, നവസാക്ഷരരും, ഇൻസ്ട്രക്ടർമാരും മററു പ്രവർത്തകരും ചേർന്നുള്ള വിളംബരജാഥകൾ നടത്തുന്നതു് വലിയ ഗുണം ചെയ്യും. ഇതിൽ എല്ലാ വിഭാഗങ്ങളിലും പെട്ട സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരെയും മതനേതാക്കളെയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

കുടുംബസദസ്സുകൾ

അക്ഷരകേരളം പരിപാടിയുടെ വൻപിച്ച സാംസ്കാരിക നേട്ടങ്ങളിലൊന്ന് സംസ്ഥാനത്തുടനീളം നിരവധി കുടുംബസദസ്സുകൾ ഉടലെടുത്തുവെന്നതാണ്. പത്തോ പതിനഞ്ചോ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും ചേർന്നുള്ള ഈ സദസ്സുകളിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക-പരിസ്ഥിതി പ്രശ്നങ്ങൾ എന്നിങ്ങനെ സൂര്യന് കീഴിലുള്ള എല്ലാ വിഷയങ്ങളെപ്പററിയും താല്പര്യത്തോടും ആവേശത്തോടും കൂടി ചർച്ച ചെയ്തിരുന്നത് നമ്മുടെ സംസ്ഥാനത്തിനൊരു സാംസ്കാരിക നവോത്ഥാനം തന്നെ സൃഷ്ടിച്ചിരുന്നു. ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, സ്നേഹവും ധാരണയും സൗഹാർദ്ദവും വളർത്തുന്നതിനും കുടുംബസദസ്സുകൾ പ്രയോജനപ്പെടുന്നതായിക്കണ്ടു. സാക്ഷരതാ ക്ലാസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും പഠിതാക്കളെ പ്രേരിപ്പിച്ച് വീണ്ടും ക്ലാസ്സുകളിലെത്തിക്കുന്നതിനും കുടുംബസദസ്സുകൾക്ക് കഴിയും. നിലവിലുള്ള കുടുംബസദസ്സുകളെ ഊർജിതമായി പ്രവർത്തിപ്പിക്കുന്നതിനും ഇത്തരം സദസ്സുകളില്ലാത്ത സ്ഥലങ്ങളിൽ അവ ഉടനടി രൂപീകരിച്ച് കാര്യക്ഷമമായി കർമ്മനിരതമാക്കുന്നതിനും ശ്രമിക്കണം.

ഗ്രാമപാർലമെൻറുകൾ

നമ്മുടെ പരിപാടിയുടെ മററൊരുനേട്ടം ചോദ്യങ്ങൾ ചോദിക്കാനും യുക്തിപൂർവവും ശാസ്ത്രീയവും പ്രായോഗികവുമായ ഉത്തരങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും കണ്ടെത്താനുമുള്ള വാസനയും കഴിവും പഠിതാക്കളിലും ഇൻസ്ട്രക്ടർമാരിലും വളർത്താൻ കഴിഞ്ഞുവെന്നതാണ്. ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന സർക്കാരുദ്യോഗസ്ഥന്മാരും ജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും അങ്ങിനെ വികസന ഭരണരംഗങ്ങളിലെമാന്ദ്യം കുറച്ചെങ്കിലും മാററുന്നതിനും ഗ്രാമപാർലമെൻറുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവണ്മെൻറ് ബഹുജനങ്ങളുടെ ആവശ്യങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിന് "ഗ്രാമസഭകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. നാം സംഘടിപ്പിക്കുന്ന

ഗ്രാമപാർലമെൻറുകൾ ഗ്രാമസഭാ പ്രവർത്തനം കൂടുതൽ ഫലവത്തും കാര്യക്ഷമവുമാക്കുന്നതിന് സഹായകമാവും.

സാമൂഹ്യ-നിർമ്മാണ പ്രവർത്തനങ്ങൾ

സാമാന്യ ജനങ്ങൾക്ക്, പ്രത്യേകിച്ചും ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്ന പഠിതാക്കൾക്ക് വേഗത്തിൽ ഗുണമനുഭവിക്കാവുന്ന സാമൂഹ്യ-നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സാക്ഷരതാ സമിതികളും പ്രവർത്തകരും ശ്രദ്ധിക്കണം. അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുക, പരിസര ശുചിത്വം പാലിക്കുക, ശ്രമദാനത്തിലൂടെ കൂട്ടായി ഏറ്റെടുത്ത് നടത്താവുന്ന പ്രാദേശിക നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ കാര്യങ്ങളെല്ലാം നാം പ്രയോജനപ്പെടുത്തണം. വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഇതിൽ പങ്കാളികളാക്കണം. ഗവൺമെൻറ് പരിപാടികളും ബാങ്ക്സ്കീമുകളും പരമാവധി ഗുണഭോക്താക്കൾക്കെത്തിക്കാൻ തക്ക വിധം ഉദ്യോഗസ്ഥ വൃന്ദത്തിൽ നിരന്തരം പ്രേരണയും സമ്മർദ്ദവും ചെലുത്താൻ നമുക്ക് കഴിയണം.

എട്ടാം പഞ്ചവത്സരപദ്ധതി

കേരളത്തിൻെറ എട്ടാം പഞ്ചവത്സരപദ്ധതി തയ്യാറായി വരുന്നു അതിൻെറ മാർഗരേഖ മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. അടുത്ത ചില ദിവസങ്ങൾക്കുള്ളിൽ മാർഗരേഖ അംഗീകരിച്ചു കഴിഞ്ഞാൽ അതിനും, തുടർന്ന് പഞ്ചവത്സര പദ്ധതിയിലെ പ്രധാന പരിപാടികൾക്കും വിപുലമായ പ്രചരണം നൽകി ബഹുജനങ്ങളെ ഇവയുടെ നടത്തിപ്പിൽ പങ്കാളികളാക്കാൻ നാം ശ്രദ്ധിക്കണം. അങ്ങനെ ആസൂത്രിത-വികസന പ്രക്രിയയിൽ ബഹുജന പങ്കാളിത്തം കൈവരുത്തുകയെന്ന ദേശീയ ലക്ഷ്യം നിറവേററാൻ ശ്രമിക്കുക. എൻ. എസ്. എസ്, എൻ. സി. സി., നെഹ്റു യുവക കേന്ദ്ര യൂണിററുകൾ, മഹിളാ സമാജങ്ങൾ, മററു സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെ സാക്ഷരതാ പ്രവർത്തകർക്ക് ഫലപ്രദമായ ആസൂത്രണവികസന വിദ്യാഭ്യാസം നടപ്പാക്കാൻ കഴിയും. പദ്ധതി നടത്തിപ്പിൻെറ ജാഗരൂകരായ നിരീക്ഷകരായി വർത്തിക്കാനും നമുക്ക് കഴിയണം.

മെഡിക്കൽ ക്യാമ്പുകൾ, നിയമസഹായ ക്യാമ്പുകൾ, ഗ്രാമസഭകൾ തുടങ്ങിയവ

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, പ്രകൃതിചികിത്സ തുടങ്ങിയ വിവിധ സമ്പ്രദായങ്ങളിൽപ്പെട്ട ഡോക്ടർമാരും പാരാമെഡിക്കൽ പ്രവർത്തകരും സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകൾ "ആരോഗ്യ സാക്ഷരതയിലൂടെ എല്ലാവർക്കും ആരോഗ്യം" എന്ന ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം സാധിപ്രായമാക്കുന്നതിന് നമുക്ക് പ്രയോജനപ്പെടുത്താം. ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും സാക്ഷരതാ ക്ലാസ്സുകൾ സന്ദർശിക്കുന്ന

തിനും മാസ്റ്റർട്രെയിനർമാർക്കും ഇൻസ്ട്രക്ടർമാക്കും ക്ലാസ്സുകൾ എടുക്കുന്നതിനും ഉത്സാഹിപ്പിക്കണം. ആരോഗ്യ വിദ്യാഭ്യാസം സാക്ഷരതാ കേന്ദ്രങ്ങളുടെ പതിവു പരിപാടിയായി മാറണം.

ആരോഗ്യ സാക്ഷരതപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് നിയമ സാക്ഷരത. സാക്ഷരതയുടെ ആത്യന്തിക ലക്ഷ്യം സാമൂഹിക നീതിയാണെന്ന കാഴ്ചപ്പാടോടുകൂടി സമൂഹത്തിലാകെ നിയമസാക്ഷരത ഉണ്ടാക്കുവാൻ പ്രതിബദ്ധതയുള്ള നിയമ വിദഗ്ധരെയും സാമൂഹ്യപ്രവർത്തകരെയും സാക്ഷരതാ പ്രവർത്തകരും ക്ലാസ്സുകളുമായി ബന്ധിപ്പിക്കുക. സാക്ഷരതാനന്തര പ്രവർത്തനത്തിനായി നാം വളർത്തിയെടുക്കുന്ന ലിററസി സർക്കിളുകൾ അഥവാ അക്ഷര സംഘങ്ങളും കുടുംബസദസ്സുകളും ഇതിനുള്ള ഫലപ്രദമായ വേദികളാവണം.

സംസ്ഥാന ഗവൺമെൻറ് ആരംഭിച്ചിട്ടുള്ള ഗ്രാമസഭകളുടെ പ്രവർത്തനം വിജയിപ്പിക്കുന്നതിനും അങ്ങനെ ജനങ്ങളുടെ കുഴഞ്ഞ പ്രശ്നങ്ങൾക്ക് വേഗത്തിൽ തീർപ്പു കല്പിക്കുന്നതിൽ സഹായിക്കാനും സാക്ഷരതാ പ്രവർത്തകർ ഉററുശ്രമിക്കണം. ഈ ദൃശ പ്രവർത്തനങ്ങളിലൂടെ സാക്ഷരതാ-തുടർ വിദ്യാഭ്യാസ യജ്ഞത്തിനു വൻപിച്ച ബഹുജന പിൻതുണ നേടിയെടുക്കാൻ കഴിയും.

ഗ്രന്ഥശാലകൾ

ഗ്രന്ഥശാലകളും വായന ശാലകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സാക്ഷരതാ പ്രവർത്തകരെയും നവസാക്ഷരരെയും പ്രോത്സാഹിപ്പിക്കുക. വായനശീലം വളർത്തുന്നതിനും നിലനിർത്തുന്നതിനും ഗ്രന്ഥശാലകൾ സാംസ്കാരിക കേന്ദ്രങ്ങളായി മാറുന്നതിനും വഴിയൊരുക്കുക. ഗ്രന്ഥശാലകളിൽ നവസാക്ഷര സാഹിത്യത്തിനു പ്രത്യേക വിഭാഗം തന്നെ വളർത്തിയെടുക്കുക. കേരളത്തിലെ 5,600 ഗ്രന്ഥശാലകൾക്കു ശക്തമായ ജനകീയ അടിത്തറ കെട്ടിപ്പടുക്കുന്നതിന് സാക്ഷരതാ പ്രവർത്തകർ സഹായിക്കണം. മലബാർ പ്രദേശത്തും മററിടങ്ങളിലും ഗ്രന്ഥശാലകൾ കുറവായ സ്ഥലങ്ങളിൽ ഗ്രന്ഥശാലകൾ ഉണ്ടാകുവാൻ ബഹുജന സഹകരണം തേടുക.

കലാജാഥകൾ

സാക്ഷരതാ യജ്ഞത്തിൻെറ ഭാഗമായി എറണാകുളത്തും പിന്നീട് കേരളത്തിലാകെയും സംഘടിപ്പിച്ച കലാജാഥാ സങ്കേതം അഖിലേന്ത്യാ തലത്തിൽ വളരെയേറെ ശ്ലാഘിക്കപ്പെടുകയും ദേശീയ സാക്ഷരതാമിഷൻ അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിൽ ഇതര സംസ്ഥാനങ്ങളിൽ സമ്പൂർണ സാക്ഷരതാ യജ്ഞത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു. സാക്ഷരതായജ്ഞത്തിൻെറ രണ്ടാംഘട്ടത്തിലും ഈ സങ്കേതം പൂർവ്വാധികം നന്നായി ഉപയോഗിക്കണമെന്നു കരുതുന്നു. ഇതിലേക്കുള്ള സാഹിത്യ രചനയ്ക്കായി സംസ്ഥാനതല ശില്പശാലയും തുടർന്നു വിവിധ തലങ്ങളിൽ കലാ

കാരന്മാർക്കുള്ള പരിശീലനവും നൽകുന്നതാണ്. പിന്നീട് ജാഥകൾ ഗ്രാമഗ്രാമാന്തരങ്ങളിലേക്ക് നീങ്ങും. ഈ കലാപരിപാടികൾക്ക് വിപുലമായ ബഹുജന ശ്രദ്ധയും പങ്കാളിത്തവും ലഭിക്കാൻ സാക്ഷരതാ പ്രവർത്തകർ ഉററു ശ്രമിക്കണം.

വനിതാ വിദ്യാഭ്യാസം സ്ത്രീനീതി

അക്ഷര കേരളയജ്ഞത്തിന്റെ സുപ്രധാനമായ ഒരു നേട്ടം ആ യജ്ഞത്തിനു നമ്മുടെ സംസ്ഥാനത്തെ സ്ത്രീജനങ്ങളിലുളവാക്കാൻ കഴിഞ്ഞ അഭൂതപൂർവ്വമായ ഉണർവും ആവേശവുമാണ്. സ്ത്രീകൾക്ക് തുല്യപദവിയും സ്ത്രീ നീതിയും കൈവരുത്തുന്നതിനുള്ള ഒരു വലിയ കാൽവെയ്പായിരുന്നു. അക്ഷരകേരളയജ്ഞം. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ ലക്ഷ്യം പൂർണ വിജയത്തിലെത്തിക്കുന്നതിന് സഹായകരമാവണം. വനിതാ കലാജാഥകൾ ഈ രംഗത്തു് നടത്തിയ വൻപിച്ച സേവനം കണക്കിലെടുത്തുകൊണ്ടു് കൂടുതൽ വനിതാ കലാജാഥകൾസംഘടിപ്പിക്കാനും പ്രത്യേക കലാശിപ്പങ്ങളിലൂടെ അവയുടെ മൂല്യം മെച്ചപ്പെടുത്താനും ശ്രദ്ധിക്കുന്നതാണ്.

ബഹുജന മാധ്യമങ്ങൾ

വർത്തമാനപത്രങ്ങൾ, റേഡിയോ. ഫിലിം, ടെലിവിഷൻ എന്നീ ബഹുജന മാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക തന്നെ വേണം, എല്ലാ പഞ്ചായത്തുകളിലും സാക്ഷരതാ സമിതിയുടെ നിയന്ത്രണത്തിലുള്ള ഒരു ലേഖകനെ നിശ്ചയിക്കുന്നതു് ആവശ്യമാണ്. സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനരംഗത്തെ അനുഭവപാഠങ്ങളും വിജയകഥകളും ആകാശവാണിക്കും സംസ്ഥാന സാക്ഷരതാ സമിതിക്കും മുടക്കം, കൂടാതെ അവരിൽ നിന്നു് ലഭ്യമാവണം. അവർക്കായി റിപ്പോർട്ടിംഗ് സംബന്ധിച്ച പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ചൊവ്വാഴ്ചയും ബുധനാഴ്ചയുമുള്ള പ്രഭാത പ്രക്ഷേപണപരിപാടി ശ്രദ്ധിക്കാൻ പ്രേരിപ്പിക്കുക. അക്ഷര കേരള വാർത്താ പത്രിക താമസിയാതെ പുനരാരംഭിക്കും.

ചുരുക്കത്തിൽ, സാക്ഷരതായജ്ഞത്തിന്റെ ഒന്നാംഘട്ടത്തിലെ ആവേശവും ആത്മാർപണബോധവും വീണ്ടെടുക്കുക. പ്രവർത്തകരെ മുഴവൻ വീണ്ടും അണിനിരത്തുക, അക്ഷരപുനസ്സമാഗമം, കുടുംബസദസ്സ്, ഗ്രാമപാർലമെന്റ്, കലാജാഥകൾ, സാമൂഹ്യ നിർമ്മാണപ്രവർത്തനങ്ങൾ, ആരോഗ്യസേവനക്യാമ്പുകൾ ഗ്രാമസഭകൾ, നീതിമേളകൾ, ആസൂത്രിത വികസന വിദ്യാഭ്യാസ സങ്കേതങ്ങളിലൂടെ നാട്ടുകാർക്ക് പരമാവധി പ്രയോജനം ചെയ്യുന്ന പ്രക്രിയ ത്വരിതപ്പെടുത്തി അവയും സാക്ഷരതയുമായുള്ള അഭേദ്യ ബന്ധം ഉറപ്പിക്കുക. ഇങ്ങനെ നമുക്ക് സാക്ഷരതായജ്ഞത്തിന്റെ രണ്ടാംഘട്ടം പൂർണവിജയത്തിലെത്തിക്കാം.

തുടർവിദ്യാഭ്യാസ പ്രവർത്തനം

ബോധവത്ക്കരണവും പ്രവൃത്ത്യുന്മുഖത്വവും

അക്ഷര കേരളം സാക്ഷരതാ പരിപാടി ഒന്നാംഘട്ടം കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സമാപിച്ചു. രണ്ടാംഘട്ടമായ തുടർവിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നവസാക്ഷരർക്ക് പുതിയ അവബോധവും പ്രവർത്തനരീതിയും നൽകി, സമകാലീന സമൂഹത്തിൽ ഫലപ്രദമായി ജീവിക്കാനുള്ള അവരുടെ കഴിവ് വർദ്ധിപ്പിക്കലാണ് മൊത്തത്തിൽ തുടർവിദ്യാഭ്യാസ പരിപാടിയുടെ മുഖ്യലക്ഷ്യം.

കേവലം എഴുത്തും വായനയും കണക്കുകൂട്ടലും മനസ്സിലാക്കിയതുകൊണ്ടു മാത്രം സാക്ഷരതയുടെ ലക്ഷ്യം പൂർണമാവില്ല. എഴുതാനും വായിക്കാനും പഠിക്കൽ സാക്ഷരരാവുന്നതിന്റെ പ്രാരംഭം മാത്രം. രാഷ്ട്ര പുനർനിർമാണത്തോടു ബന്ധപ്പെടുത്തി വളരെ വിപുലമായ അർത്ഥമാണ്, ദേശീയ സാക്ഷരതാ മിഷൻ 'സാക്ഷരത' എന്ന പദത്തിന് നൽകിയിരിക്കുന്നത്. എഴുത്തും, വായനയും, കണക്കും പഠിക്കുക എന്നത് അതിന്റെ ഒരു ഭാഗം മാത്രമെ ആകുന്നുള്ളു. എന്നാൽ മററു ഭാഗങ്ങൾ സാക്ഷാത്കരിക്കപ്പെടാനുള്ള അടിത്തറ വായനയും എഴുത്തും ആയതുകൊണ്ട് അത് 'സാക്ഷരത'യുടെ പ്രഥമവും പ്രധാനവുമായ ഘടകമാണെന്ന കാര്യത്തിൽ തർക്കമില്ല. വായിക്കാനും എഴുതാനും വശമാക്കാതെ, മററെന്തെല്ലാം നേടിയാലും ഒരാൾ സാക്ഷരനാണെന്ന് നമ്മൾ പറയില്ലല്ലോ. അതുകൊണ്ടുതന്നെ, ഒന്നാംഘട്ടത്തിൽ, പലവിധ കാരണങ്ങളാൽ, അപൂർണമായി മാത്രം അക്ഷരാഭ്യാസം ലഭിച്ചവരുണ്ടാകും; പരിശീലനത്തിന്റെ കുറവുകൊണ്ട് പഠിച്ചത് മറന്നുപോയവരുണ്ടാകും; അവരെ കണ്ടുപിടിച്ച് അക്ഷരത്തിന്റെ അടിത്തറ ഉറപ്പിക്കലാണ് ഒന്നാമതായി നടത്തേണ്ട പ്രവർത്തനം. എഴുതാനും വായിക്കാനുമുള്ള ആത്മവിശ്വാസം അവർക്കുണ്ടാക്കുക, അക്കാലത്തിൽ വിട്ടുപോയവരെ തെരഞ്ഞുപിടിച്ച് വീണ്ടും സാക്ഷരതാ ക്ലാസ്സുകളിൽ കൊണ്ടുവരിക, ഇവയൊക്കെയാണ് ഒന്നാംഘട്ടത്തിന്റെ തുടർച്ചയെന്ന നിലയിൽ ആദ്യം ചെയ്യേണ്ട കാര്യങ്ങൾ.

ബോധവൽക്കരണം

അക്ഷര പഠനമെന്നത്, ഒരു ലക്ഷ്യമല്ല. ജീവിതത്തെ സഹായിക്കാനുള്ള ഒരുപാധി മാത്രമാണല്ലോ അത്. ജീവിക്കാനാവശ്യമായ അറിവുണ്ടാവുകയും മററുള്ളവരുമായി ബന്ധപ്പെടുകയുമാണ് എഴുത്തും വായനയും വശമാക്കിയതുകൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. അക്ഷരം അറിവിന്റെ താക്കോലാണെന്നു പറയുന്നത് ഈ അർത്ഥത്തി

ലാണ്. നവസാക്ഷരർക്ക് ജീവിതത്തിനാവശ്യമായ ഫലപ്രദമായ അറിവുണ്ടാക്കാൻ വേണ്ടി നടത്തുന്ന ഉദ്ദേശ്യപരമായ പ്രവർത്തനമാണ് ബോധവല്ക്കരണം. ഇത് സാക്ഷരതാ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് പുതുതായി ആരംഭിക്കുന്ന പരിപാടിയല്ല. അക്ഷരവിദ്യയോടൊപ്പം ബോധവൽക്കരണത്തിനും പ്രാധാന്യം ആദ്യമേ തന്നെ നല്കിയിരുന്നു. എന്നാൽ ഒന്നും രണ്ടും പ്രൈമറുകളിൽ ഊന്നൽ വായനയും എഴുത്തും പഠിപ്പിക്കുന്നതിലായിരുന്നു. മൂന്നാമത്തെ പ്രൈമർ ബോധവത്ക്കരണത്തിന് ഊന്നൽ നല്കിയാണ് പഠിപ്പിച്ചത്. ആരോഗ്യം, പൊതുസ്ഥാപനങ്ങൾ, മനുഷ്യനും ചുററുപാടും തുടങ്ങി, പഠിതാക്കളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ മൂന്നാമത്തെ പ്രൈമറിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഏറെ ഫലപ്രദമായി നടത്തേണ്ടിയിരുന്ന ഈ ചർച്ചവൈകി വന്നവരുടെ കാര്യത്തിൽ വേണ്ടത്ര നടന്നിരിക്കില്ല. അതുകൊണ്ടു തന്നെ അക്ഷരം ഉറപ്പിക്കുന്നതിനോടൊപ്പം, മൂന്നാം പ്രൈമറിൽ നിർദ്ദേശിച്ചിട്ടുളള വിഷയങ്ങളെ സംബന്ധിച്ചുള്ള വിശദമായ ചർച്ചകളും നടത്തണം. രണ്ടാംഘട്ടത്തിന്റെ തുടക്കമെന്ന നിലയിൽ അത്യാവശ്യം ചെയ്തിരിക്കേണ്ട സംഗതിയാണിത്. വെറും ചർച്ചകളിൽകൂടി അറിവുനൽകലുകൊണ്ടു മാത്രം ബോധവൽക്കരണം പരിമതപ്പെടുത്തിക്കൂടാ. പോസ്റ്റാഫീസ്, പഞ്ചായത്താഫീസ്, വില്ലേജാഫീസ്, സഹകരണസംഘം, കൃഷിഭവൻ തുടങ്ങിയ പൊതു സ്ഥാപനങ്ങളിൽ നവസാക്ഷരരെ കൊണ്ടുപോയി, അവയുടെ പ്രവർത്തനവും സാധ്യതകളും നേരിട്ടു മനസ്സിലാക്കാനും, ഈ സ്ഥാപനങ്ങളുടെ ഭാരവാഹികളുമായി പരിചയപ്പെടാനും അവർക്ക് അവസരം നൽകണം. ഒരു പൗരന്റെ സാധാരണ അവകാശങ്ങളെപ്പററി അവരെ ബോധവാന്മാരാക്കണം. ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനത്തെപ്പററി അവർക്ക് അറിവ് നൽകാനുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ നടത്തണം. പ്രൈമറിൽ പറഞ്ഞ കാര്യങ്ങളിൽ മാത്രം ബോധവൽക്കരണം പരിമിതപ്പെടുത്തണമെന്നില്ല. പുതിയ കാര്യങ്ങൾ അറിയാനും അന്വേഷിക്കാനും കണ്ടെത്തുവാനും നവസാക്ഷരർക്ക് ആത്മവിശ്വാസവും താൽപര്യവുമുണ്ടാക്കലാണ് പ്രധാനം. ഇവ ലഭിച്ചുകഴിഞ്ഞാൽ അറിയേണ്ട കാര്യങ്ങൾ ഏതെല്ലാമാണെന്ന് അവർ കണ്ടെത്തിക്കൊള്ളും. ഈ കണ്ടെത്തലിനെ പ്രോൽസാഹിപ്പിക്കുകയും അപ്പപ്പോൾ അവരുയർത്തുന്ന ചോദ്യങ്ങൾക്ക് കൂട്ടായി ഉത്തരം കണ്ടെത്തുകയുമാവണം ഇൻസ്ട്രക്ററുടെ ചുമതല. മുതിർന്നവർ ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും "ഉടനടി" ഉത്തരം നൽകാനുള്ള കഴിവ് ഇൻസ്ട്രക്ററർമാർക്ക് ഉണ്ടായിക്കൊള്ളണമെന്നില്ല. ആർക്കും അതുണ്ടാവില്ല. അതുകൊണ്ടാണ് ഉത്തരം കണ്ടെത്താനുള്ള ചുമതല ചോദ്യം ചോദിക്കുന്നവരടക്കം മുഴുവൻ ക്ളാസ്സിന്റേതുമാക്കണമെന്നു സൂചിപ്പിച്ചിരിക്കുന്നത്. ഈ പരിപാടി നവസാക്ഷരരുടെ അന്വേഷണ താൽപര്യം വർദ്ധിപ്പി

ക്കാനും സഹായകമാവും. "ആവശ്യപ്പെടുമ്പോഴൊക്കെ മീൻ കൊടുക്കലല്ല, മീൻ പിടിക്കാൻ അവരെ പഠിപ്പിക്കലാണ് നമ്മുടെ ലക്ഷ്യം." ഇപ്രകാരം ചർച്ചയും അന്വേഷണവുമായി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാനം കണ്ടെത്താനായാൽ സംഗതി ഉഷാറായി. ഇതിനെത്തുടർന്ന്, നാലാമത്തെ പ്രൈമർ വരും. മൂന്നാംപ്രൈമറിൽ സ്പർശിക്കപ്പെടാതെ പോയ പുതിയ വസ്തുതകളാണ് നാലാംപ്രൈമറിൽ കൈകാര്യം ചെയ്യപ്പെടുക. നവസാക്ഷരർ അറിഞ്ഞിരിക്കേണ്ട ഒട്ടനവധി കാര്യങ്ങൾ അതിലുണ്ട്. പ്രായോഗികതയിലൂന്നിക്കൊണ്ടു വേണം, അവയെക്കുറിച്ചുള്ള ചർച്ച നടത്തേണ്ടത്.

പത്രപാരായണവും തുടർന്നുള്ള ചർച്ചകളുമാണ് ബോധവല്ക്കരണത്തിന്റെ മറെറാരു മേഖല. ഇതൊരു സ്ഥിരം പരിപാടിയാക്കണം. സാക്ഷരതാ കേന്ദ്രത്തിൽ പത്രം കൊണ്ടുവരികയും അത് കൂട്ടായി വായിച്ച് കാലിക പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ച് പഠിതാക്കൾക്ക് വിവരം നല്കുകയും വേണം. അതോടൊപ്പം പത്രം വായിക്കാൻ അവരെ പരിശീലിപ്പിക്കുകയും വേണം. ആദ്യമാദ്യം വലിയ അക്ഷരങ്ങളിലുള്ള തലക്കെട്ടുകൾ തപ്പിത്തപ്പി വായിക്കുന്ന അവർ പിന്നീട് വാർത്തകൾ വായിക്കാൻ താൽപര്യം കാണിക്കും. പ്രൈമറുകളിലെ പരിമിതപ്പെടുത്തിയ കാര്യങ്ങൾക്കു പുറമെ, കാലിക പ്രാധാന്യമുള്ള വിവരങ്ങളെ സംബന്ധിച്ചുള്ള ബോധവല്ക്കരണം ദിനപ്പത്രങ്ങളേയും ആനുകാലികങ്ങളേയും അടിസ്ഥാനപ്പെടുത്തി വേണം നൽകേണ്ടത്.

നവസാക്ഷരർക്കു വേണ്ടിയുള്ള പുസ്തകങ്ങൾ:

പുസ്തക പാരായണത്തിൽ നവസാക്ഷരരെ പ്രാപ്തരാക്കാൻ അവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ പുസ്തകങ്ങളുണ്ടായേ പററൂ. നിത്യജീവിതത്തിനാവശ്യമായ കാര്യങ്ങൾ വലിയ അക്ഷരങ്ങളിൽ ഭംഗിയായിഅച്ചടിച്ച് വേണ്ടത്ര ചിത്രങ്ങളും നൽകിയിട്ടുള്ള നവസാക്ഷര പുസ്തകങ്ങൾ കണ്ണടയുടെ സഹായം കൂടാതെ തന്നെ അവർക്ക് വായിക്കാൻ കഴിയണം. മററു പുസ്തകങ്ങൾ നവസാക്ഷരനു വായിക്കാൻ വേണ്ടി ഉദ്ദേശിക്കപ്പെട്ടവയല്ലാത്തതിനാൽ, അവരെ ആകർഷിക്കാനോ അവർക്കു വേണ്ടുംവണ്ണം പ്രയോജനപ്രദമാക്കാനോ, കഴിയില്ല. നവസാക്ഷര പുസ്തകങ്ങളുടെ വായന കൂട്ടായിട്ടാണാരംഭിക്കേണ്ടത്. ഒരുമിച്ചിരുന്ന് വായിച്ച് വിശദീകരിക്കുന്നതിൽ നിന്ന് ഒററക്കൊററക്കുള്ള വായനയിലേക്കു നീങ്ങണം. സ്വന്തമായി ഒരു പുസ്തകം വായിച്ചു തീർക്കാൻ കഴിയുകയെന്നത് ഒരു പഠിതാവിനെ സംബന്ധിച്ചിടത്തോളം ഒരു മഹാകാര്യമാണ്. അതു നേടാൻ അയാളെ പ്രോൽസാഹിപ്പിക്കണം.

പ്രവർത്തനക്ഷമത

നവസാക്ഷരർക്ക് നാം നൽകുന്ന അക്ഷരവും അറിവും എന്തിന് വേണ്ടിയാണ്? എല്ലാ അറിവും ജീവിതത്തിനുവേണ്ടിയാണ്. നാം ഇന്നു നിൽക്കുന്ന സ്ഥാനത്ത് നിന്ന് ജീവിതത്തെ ഒരു സെൻറീമീററർ എങ്കിലും മുന്നോട്ടു നീക്കാൻ പുതുതായി നേടുന്ന ഏതൊരറിവും നമ്മളെ സഹായിക്കണം. അക്ഷരവും അതിൽകൂടി നേടുന്ന അറിവും ഇക്കാര്യത്തിൽ നവസാക്ഷരർക്കു പ്രയോജനപ്പെടും. ഇതിനായി അക്ഷരവും അറിവും ദൈനംദിന ജീവിത സാഹചര്യങ്ങളിൽ എങ്ങനെ പ്രയോജനപ്പെടുത്തും എന്നതിൽ അവർക്കു പരിശീലനം നൽകണം. ഒരു കത്തെഴുതാനും, ഏതെങ്കിലും ആഫീസിലേക്ക് ഒരപേക്ഷയെഴുതാനും, അപേക്ഷകൾ, ഫാറങ്ങൾ എന്നിവ പൂരിപ്പിക്കാനും പത്രം വായിക്കാനും നവസാക്ഷരർക്ക് പരിശീലനം നൽകണം. അവരുടെ പേരിൽ ലഭിക്കുന്ന പട്ടയമോ, അവർ ഒപ്പിടേണ്ടിവരുന്ന പ്രമാണങ്ങളോ ചെറിയ കരാറുകളോ വായിച്ചു മനസ്സിലാക്കാൻ അവരെ പ്രാപ്തരാക്കണം. അതോടൊപ്പം സാക്ഷരതാ ക്ലാസിൽ നിന്നു ലഭിച്ച കഴിവും താൽപര്യവും പ്രയോജനപ്പെടുത്തി, സ്വന്തം തൊഴിലും ജീവിതരീതിയും തെല്ലെങ്കിലും മെച്ചപ്പെടുത്താനുള്ള നൈപുണ്യങ്ങളും നവസാക്ഷരർക്ക് നൽകിയിരിക്കണം.

(എ) പരമ്പരാഗത തൊഴിൽ രംഗത്തു പ്രവർത്തിക്കുന്ന പല തൊഴിലാളികളും സാക്ഷരതാ ക്ലാസിലെ അംഗങ്ങളായിരിക്കും. പല പാരമ്പര്യത്തൊഴിലുകളും നമ്മുടെ നാട്ടിൽ നാശോൻമുഖമാണ്. തൊഴിലിൽ പിടിച്ചു നിൽക്കാനാവാതെ, പല പാരമ്പര്യ തൊഴിലാളികൾക്കും തങ്ങളുടെ മേഖല ഉപേക്ഷിക്കേണ്ടിവരുന്നു. സാധ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പാരമ്പര്യത്തൊഴിൽ മെച്ചപ്പെടുത്താനുള്ള പരിശീലനം അക്ഷരസംഘം/ജനവിദ്യാകേന്ദ്രം വഴി പാരമ്പര്യത്തൊഴിലിലേർപ്പെട്ടിരിക്കുന്ന അവർക്ക് നൽകാൻ കഴിയും.

(ബി) വരുമാനം ലഭിക്കുന്ന തൊഴിലൊന്നുമില്ലാത്ത വീട്ടമ്മമാർക്കും, മററു തൊഴിൽ രഹിതർക്കും പുതിയ തൊഴിലുകൾ അഭ്യസിക്കാനുള്ള സൗകര്യം, ജനവിദ്യാകേന്ദ്രത്തിനും അക്ഷര സംഘത്തിനും ഇക്കാര്യത്തിൽ പരിമിതിയുണ്ടെങ്കിലും—നൽകാനുള്ള പരിപാടിക്ക് തുടക്കം കുറിക്കണം. ഗ്രാഫ്ററിങ്ങ്, പ്ളാസ്ററിക്കുപകരണങ്ങളുണ്ടാക്കൽ, ഫുഡ് പ്രിസർവേഷൻ, ചിരട്ടയുപയോഗിച്ച് കൗതുക വസ്തുക്കളുണ്ടാക്കൽ, അടുക്കളത്തോട്ടനിർമ്മാണം എന്നിവ വളർത്താവുന്ന വളരെയേറെ നൈപുണ്യങ്ങളിൽ ചിലതാണ്. ഓരോ പ്രദേശത്തിൻേറയും തൊഴിൽ മേഖലയുടെയും പ്രത്യേകതയനുസരിച്ച് ഇമ്മാതിരി തൊഴിൽ രംഗങ്ങൾ കണ്ടെത്തി നവസാക്ഷരരെ അഭ്യസിപ്പിക്കണം.

(സി) കൃഷിവിജ്ഞാനം: നവസാക്ഷരരിൽ ഭൂരിപക്ഷംപേരും കാർഷിക മേഖലയിൽ നിന്നും വരുന്നവരാണ്. പരമ്പരാഗത കൃഷി സമ്പ്രദായമല്ലാതെ, ഉൽപാദനം മെച്ചപ്പെടുത്താനും കൃഷി ലാഭകരമാക്കാനുമുള്ള വിവരങ്ങൾ അവർക്കിന്നും കുറവാണ്. സ്വന്തമായുള്ള പത്തു സെൻറ് ഭൂമിയിൽ കൃഷി ചെയ്ത് എന്തെങ്കിലും ആദായമുണ്ടാക്കാനുള്ള മാർഗ്ഗവും അവർക്കറിയില്ല. വിത്ത്, വളം, കീടനാശിനി, എന്നിവയെക്കുറിച്ചൊക്കെ ആവശ്യമായ പരിജ്ഞാനം കൃഷിഭവൻെറ സഹായത്തോടെ നവസാക്ഷരർക്കും, താൽപര്യമുള്ള ഗ്രാമവാസികൾക്കും നൽകാം.

(ഡി) ആരോഗ്യം: മൂന്നാം പ്രൈമറിൽ പൊതുജനാരോഗ്യ സംബന്ധിയായ കുറെ വിവരങ്ങളുണ്ട്. കുടുംബസാഹചര്യവും പരിസരവും ആരോഗ്യകരമായി സൂക്ഷിക്കാനും അങ്ങനെ രോഗബാധയെ തടയാനും സഹായിക്കുന്ന വിവരങ്ങൾ അവർക്കു നൽകണം. മാത്രമല്ല, അനാരോഗ്യകരമായ ചുററുപാടുകൾ മെച്ചപ്പെടുത്തിയെടുക്കാൻ വേണ്ട സംഘടിതയത്നം പലപ്പോഴും വേണ്ടിവരും. ഇതിനവരെ സന്നദ്ധരാക്കുക എന്നത് ഏററ പ്രയോജനകരമായ വസ്തുതയാണ്.

(ഇ) മിതവ്യയം: ചെലവ് ചുരുക്കി വരുമാനത്തിൻെറ ഒരു ഭാഗം കരുതിവയ്ക്കുക എന്നത് തുച്ഛവരുമാനക്കാരായ പഠിതാക്കളോടും നവസാക്ഷരരോടും പറയുക എന്നത് ശരിയല്ല എന്ന് തോന്നിയേക്കാം. എന്നാൽ ഭാവിയിൽ വന്നുചേരാവുന്ന അപ്രതീക്ഷിതമായ ചെലവുകൾക്ക് കരുതിവയ്ക്കേണ്ടതിൻെറ പ്രാധാന്യം മററാരെക്കാളും കൂടുതൽ ചെറിയ വരുമാനക്കാർക്ക് തന്നെയാണ്. തുച്ഛമെങ്കിലും കിട്ടുന്ന കൂലി കണക്കാക്കി ഒരു കുടുംബ ബജററ് തയ്യാറാക്കാനും മാററിവയ്ക്കാനാവുന്ന ചെലവുകൾ മാററി വച്ച് പിൽക്കാലത്ത് വരാവുന്ന ഒഴിച്ചുകൂടാനാവാത്ത ചെലവുകൾക്കായി കരുതിവയ്ക്കാനും അവരെ പ്രേരിപ്പിക്കണം.

(എഫ്) സഹകരണ മേഖല: സഹകരണ മേഖലയുടെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയാത്തവരാണ് ഭൂരിപക്ഷം നവസാക്ഷരരും. സഹകരണ സംഘങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നും, സംഘങ്ങളിൽനിന്ന് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്നും അവർക്കറിയില്ല. ഈ അറിവുണ്ടാക്കുന്നതോടൊപ്പം സൃഷ്ടിപരമായി അവ പ്രയോജനപ്പെടുത്താൻ അവരെ സഹായിക്കുകയും വേണം.

(ജി) മററു വകുപ്പുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ: സർക്കാരിൻെറ പല വകുപ്പുകളിൽ നിന്നും പാവപ്പെട്ടവർക്കു ലഭിക്കുന്ന അനേകം ആനുകൂല്യങ്ങളുണ്ട്. ഇവയെക്കുറിച്ച് പ്രാഥമികമായ അറിവുപോലും നവസാക്ഷരർക്കില്ല. ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്നും അവ

എങ്ങനെ നേടിയെടുക്കാമെന്നും അവരെ വിശദമായി പറഞ്ഞു മനസ്സിലാക്കണം.

(എച്ച്) സാമൂഹിക പ്രവർത്തനങ്ങൾ: തങ്ങൾ നിരക്ഷരരാണെന്ന അധമ ബോധത്താൽ മാത്രം സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെ മാറി നിൽക്കുന്ന അനേകം പേരുണ്ട്. അക്ഷരത്തിൽ കൂടിയും അറിവിൽ കൂടിയും ലഭിച്ച പുതിയ വെളിച്ചം അവരെ സാമൂഹിക പ്രവർത്തനരംഗത്തേയ്ക്ക് നയിക്കാനും സഹായിക്കണം. സ്വന്തം കോളനിയിൽ, അല്ലെങ്കിൽ പ്രദേശത്തുള്ള പ്രശ്നങ്ങൾ ആരെങ്കിലും വന്നു നേരെയാക്കിത്തരുമെന്ന പ്രതീക്ഷയിലാണവരിൽ പലരും കഴിയുന്നത്. സ്വയം മുൻകൈയെടുത്ത് അവ പരിഹരിക്കാനോ പരിഹരിപ്പിക്കാനോ ഉള്ള സംഘബോധവും സന്നദ്ധതയും അവർക്കു നൽകണം. സ്വന്തം പ്രദേശത്ത് ഒരു റോഡുവെട്ടുക, ഒരു ലൈബ്രറി സ്ഥാപിക്കുക, ഒരു സഹകരണ സംഘമുണ്ടാക്കുക, കിണറുകുഴിക്കുക, സമീപത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുക എന്നിവയെല്ലാം നവസാക്ഷരർക്ക് സംഘം ചേർന്ന് പരിശ്രമിക്കാവുന്ന കാര്യങ്ങളാണ്. പ്രാദേശിക പ്രശ്നങ്ങളിലിടപെടാൻ സന്നദ്ധരാകുന്ന അവർ, കാലക്രമത്തിൽ നാടിന്റെ പൊതു പ്രശ്നങ്ങളിലും താല്പര്യം കാണിക്കും.

(ഐ) ഉല്പാദന യൂണിററുകൾ: പുതിയ തൊഴിലുകൾ വശമാമാക്കുന്ന നവസാക്ഷരർക്ക് അക്ഷര സംഘത്തിന്റേയോ ജനവിദ്യാ കേന്ദ്രത്തിന്റേയോ, നേതൃത്വത്തിൽ ചില ചെറിയ ഉല്പാദന യൂണിററുകൾ ആരംഭിച്ച് ഉല്പന്നങ്ങൾ പ്രദേശികമായി വില്പന നടത്താൻ സാധിക്കും. അതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ സാക്ഷരതാ പ്രവർത്തകർ പഞ്ചായത്ത്, ബ്ലോക്ക്, ബാങ്ക് എന്നിവയുടെ സഹായത്തോടെ ഒരുക്കിക്കൊടുക്കണമെന്നു മാത്രം.

സാക്ഷരതയെന്നാൽ അക്ഷര പഠനം മാത്രമല്ല. അതിൽ നിന്നാരംഭിച്ച് അറിവിന്റെ മേഖലയിലേക്കും തൊഴിലിന്റെ മേഖലയിലേക്കും പുതിയ സാമൂഹിക ബോധത്തിലേക്കും നവസാക്ഷരരെ നയിക്കാൻ കഴിയുകയായിരിക്കണം തുടർ വിദ്യാഭ്യാസ പരിപാടിയുടെ മുഖ്യ ലക്ഷ്യം.

അക്കാദമിക് കമ്മിററികളുടെ പ്രവർത്തനം

ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ ജില്ലാതലം മുതൽ വാർഡ് തലം വരെ അക്കാദമിക്ക് കമ്മിററികൾ രൂപീകരിക്കുന്നതിനും, സാക്ഷരതാ ക്ലാസ്സുകൾ നിർദ്ദിഷ്ട നിലവാരത്തിൽ നടത്തുന്നതിനും, അവയുടെ നേതൃത്വത്തിൽ പഠിതാക്കളെ പ്രോൽസാഹിപ്പിക്കുന്നതിനും, ക്ലാസ്സിൽ നിലനിർത്തുന്നതിനും ഉതകുന്ന പരിപാടികൾ ഏറെറടുത്തു നടത്തുന്നതിന് സാധിച്ചിരുന്നു. പഠിതാക്കളുടെ ജിജ്ഞാ

സ ഉണർത്തുന്നതിനും മററും യോജിച്ച, ചുരുങ്ങിയ വിലയുള്ള പഠനോപകരണങ്ങരം ഉണ്ടാക്കുന്നതിനും, ക്ളാസ്സുകളിലെത്തിക്കുന്നതിനും മാതൃകാപരമായി പ്രവർത്തിച്ച ചില അക്കാദമിക് കമ്മിററികരംക്ക് സാധിച്ചിരുന്നു. പഠനകേന്ദ്രങ്ങരംക്ക് സമീപമുള്ള സ്കൂളിലെ പഠനോപകരണങ്ങരം സാക്ഷരതാ കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നതിന് സാധിച്ച കമ്മിററികളും ഉണ്ടായിരുന്നു. നിരക്ഷരരുടെ അറിവ് വികസിപ്പിക്കുന്നതിനും അവരുടെ ചുററുപാടുകളെക്കുറിച്ച് അറിവ് പകർന്നുകൊടുക്കുന്നതിനും അവർക്കുവേണ്ടി പഠനയാത്രകരം സംഘടിപ്പിക്കുന്നതിന് ആത്മാർത്ഥമായി ശ്രമിക്കുകയും വിജയിക്കുകയും ചെയ്ത ധാരാളം അക്കാദമിക് കമ്മിററികരം ഉണ്ടായിരുന്നു. ഈ രീതിയിലുള്ള പ്രവർത്തനം തുടർന്ന് നടത്തേണ്ടതായിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ നവസാക്ഷരർക്ക് വേണ്ടിയുള്ള തുടർ വിദ്യാഭ്യാസത്തോടൊപ്പം പഠനകേന്ദ്രങ്ങളിൽ ഇനിയും എത്താൻ ബാക്കിയുള്ളവർക്കും വിട്ടുപോയവർക്കും വേണ്ടി സാക്ഷരതാ കേന്ദ്രങ്ങരം വീണ്ടും ആരംഭിക്കുന്നതിനാണല്ലോ തീരുമാനിച്ചിരിക്കുന്നത്. കാര്യങ്ങരം വേഗത്തിൽ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും സാധിക്കുന്ന നവസാക്ഷരർക്ക് വായിക്കുന്നതിന് പററിയ പുസ്തകങ്ങരം പ്രാദേശികമായി സമാഹരിക്കുന്നതിനും എത്തിക്കുന്നതിനുമുള്ള പ്രവർത്തനം ഈ ഘട്ടത്തിൽ കമ്മിററിയുടെ പ്രധാനപ്പെട്ട ഒരു പരിപാടിയായി മാറേറണ്ടതായിട്ടുണ്ട്. സംസ്ഥാനകേന്ദ്രം മുഖേന വിതരണം ചെയ്യാനുദ്ദേശിക്കുന്ന ലഘുപുസ്തകങ്ങരംക്ക്പുറമെ പ്രാദേശികമായി ശേഖരിക്കാവുന്ന പുസ്തകങ്ങരം നല്ല വേഗതയിൽ പഠിക്കുന്നവർക്ക് അതത് അവസരം എത്തിക്കുന്നത് അവരെ കൂടുതൽ കാര്യങ്ങരം പഠിപ്പിക്കുന്നതിനും ചിന്തിപ്പിക്കുന്നതിനും പ്രേരിപ്പിക്കുമല്ലോ. രണ്ടാം ഘട്ടപ്രവർത്തനം പുനരാരംഭിക്കുന്നതിന് താമസം നേരിട്ട സാഹചര്യത്തിൽ മൂല്യനിർണയം വിജയകരമായി നേരത്തെ പൂർത്തിയാക്കിയ നവസാക്ഷരരുടെയും, പല ഘട്ടങ്ങളിലായി വിട്ടുപോയവരുടെയും സാക്ഷരതാനിലവാരം ഉയർത്തുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിപാടികളും അക്കാദമിക് കമ്മിററികരം ഏറെറടുക്കേണ്ടതായിട്ടുണ്ട്. കൊഴിഞ്ഞുപോയവരെയും, ഇനിയും ക്ലാസ്സിലെത്തുന്നതിന് ബാക്കിയുള്ള നിരക്ഷരരെയും ക്ലാസ്സിലെത്തിക്കുകയെന്നതും വളരെ ദുഷ്കരമായ കാര്യമാണ്. ക്ലാസ്സിൻെറ നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചാൽ കുറേഭാഗം ആളുകളെ ആ രീതിയിൽ കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിന് സാധിക്കും. നന്നായി പഠിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങരം നടത്തി പഠിതാക്കളെ പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്ന രീതിയിൽ ഇൻസ്ട്രക്ടർമാരെ മാററിയെടുക്കുന്നതിന് സാധിക്കണം.

ഇക്കാര്യത്തിൽ സംസ്ഥാന കേന്ദ്രത്തിന് ചെയ്യാവുന്ന കാര്യങ്ങൾ തയ്യാറാക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു അക്കാദമിക്ക് കോർ ഗ്രൂപ്പ് ഉണ്ടാക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. ഓരോ ഘട്ടത്തിലും ജില്ലാതലം മുതൽ വാർഡ്തലം വരെയുള്ള കമ്മിററികൾക്ക് ഏറെറടുത്ത് നടത്താവുന്ന പരിപാടികളെക്കുറിച്ച് പ്രസ്തുത അക്കാദമിക് കോർ ഗ്രൂപ്പ് ആലോചിക്കുകയും അവിടെ ഏറെറടുത്ത് നടത്താവുന്ന കാര്യങ്ങൾ അപ്പഃപ്പോൾ അറിയിക്കാൻ ശ്രമിക്കുന്നതുമാണ്. ഒന്നാം ഘട്ടത്തിൽ ചെയ്തതുപോലെ വിദഗ്ധരുൾപ്പെടുന്ന കമ്മിററികൾ അതാത് തലത്തിൽ രൂപീകരിക്കുകയും പ്രാദേശികതലത്തിൽ ഏറെറടുത്ത് നടത്താവുന്ന പരമാവധി പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ഓരോ തലത്തിലുമുള്ള അക്കാദമിക് കമ്മിററികളുടെ ഘടനയും രൂപീകരണം സംബന്ധിച്ച വിവരങ്ങളും താഴെ കാണിക്കുന്നു. അവ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഭേദഗതികൾ വരുത്തേണ്ടതാണ്. അതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ചില മാർഗ്ഗരേഖകളായി കരുതിയാൽ മതി.

1. ജില്ലാതല അക്കാദമിക് കമ്മിററി

ജില്ലയിലെ എല്ലാ കീ-റിസോഴ്സ് പേഴ്സൺസിനെയും, ഒരു കോ-ഓർഡിനേററേയും (ട്രെയിനിങ്ങ്) എല്ലാ പ്രോജക്ട് ആഫീസർമാരേയും ചുരുങ്ങിയത് അക്കാദമിക് രംഗത്ത് പ്രവർത്തിക്കുന്ന 5 പ്രമുഖ വ്യക്തികളെയും ഇതിൽ അംഗമാക്കാവുന്നതാണ്. കൺവീനർ കോ-ഓർഡിനേററും, ജോയിൻറ് കൺവീനർ ഒരു കീ-റിസോഴ്സ് പേഴ്സണും ആവുന്നത് നന്നായിരിക്കും. ചെയർമാൻ 5 പ്രമുഖ വ്യക്തികളിൽ ആരെങ്കിലുമായിരിക്കണം.

ജില്ലയിൽ നടപ്പിലാക്കാവുന്ന പരിപാടികൾ തയ്യാറാക്കുകയും, മാസത്തിലൊരിക്കലെങ്കിലും കമ്മിററി ചേർന്ന് പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. മാസാമാസം ചെയ്യാനുദ്ദേശിക്കുന്ന പരിപാടികൾ മുൻകൂറായി തയ്യാറാക്കുന്നതായിരിക്കും നല്ലത്.

2. പ്രോജക്ട്തല കമ്മിററി

പ്രോജക്ട് ആഫീസർ, എ. പി. ഒ. മാർ, പ്രോജക്ട് ഏരിയയിലെ കെ. ആർ. പി., ആർ. പി. എന്നിവർക്ക് പുറമെ അക്കാദമിക് രംഗത്തുള്ള പ്രവർത്തകരെയും അംഗങ്ങളാക്കേണ്ടതാണ്. കൺവീനർ പ്രോജക്ട് ആഫീസറും, ചെയർമാൻ അക്കാദമിക് മേഖലയെ പ്രതിനിധീകരിക്കുന്നവരും ആയിരിക്കണം. ഓരോ പഞ്ചായത്തിലെയും പ്രവർത്തനം ആ പഞ്ചായത്തിലെ റിസോഴ്സ് പേഴ്സണെ ഏല്പിക്കണം.

3. സബ് പ്രോജക്ട്തല കമ്മിററി

സബ്പ്രോജക്ടിലെ എം. ടി. മാർ, എ. പി. ഒ. മാർ ആർ. പി. എന്നിവരും അക്കാദമിക്ക് കാര്യങ്ങളിൽ താല്പര്യമുള്ള വ്യക്തികളും അടങ്ങുന്നതായിരിക്കണം കമ്മിററി. എ. പി. ഒ. കൺവീനറായിരിക്കും. ചെയർമാൻ അക്കാദമിക്ക് രംഗത്തുള്ളവരായിരിക്കുന്നതാണ് നല്ലത്. 15 ദിവസത്തിലൊരിക്കൽ യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.

4. വാർഡ്തല കമ്മിററി

ഹെഡ്മാസ്ററർ ട്രെയിനറും, ഇൻസ്ട്രക്ടററും, വാർഡ് മെമ്പറും അക്കാദമിക്ക് പ്രവർത്തനങ്ങളെ സഹായിക്കാൻ കഴിയുന്ന മററ് വ്യക്തികളും ഉൾപ്പെടുന്നതായിരിക്കണം കമ്മിററി. കൺവീനർ എച്ച്. എം. ടി. യും അധ്യക്ഷൻ അക്കാദമിക്ക് കാര്യങ്ങളിൽ താല്പര്യമുള്ള ആളും ആയിരിക്കണം. ആഴ്ചയിലൊരിക്കൽ വാർഡ് കമ്മിററി വിളിച്ച് ചേർക്കേണ്ടതാണ്. ക്ലാസ്സുകളുടെ പുരോഗതിയും ഇൻസ്ട്രക്ടറർമാരുടെ പ്രവർത്തനവും മററ് പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും ക്ലാസ്സുകളുടെ അക്കാദമിക് നിലവാരവും, ക്ലാസ്സിൽ പഠിതാക്കളെ നിലനിർത്തുന്നതും, ലിററസി സർക്കിൾ മുഖേന നവസാക്ഷരർക്ക് വായനക്കുള്ള പുസ്തകം എത്തിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും വാർഡ്തല കമ്മിററിയുടെ പരിധിയിൽ കൊണ്ടുവരണം. ക്ലാസ്സുകൾ വാർഡ് തലത്തിൽ ആരംഭിക്കുന്നതിന് ഏററവും ആദ്യം രൂപീകരിക്കേണ്ടത് വാർഡ് കമ്മററിയാണ്. ഓരോ അക്കാദമിക്ക് കമ്മിററിയും പ്രവർത്തന റിപ്പോർട്ട് യഥാസമയം മേൽ തലത്തിലുള്ള കമ്മിററിക്ക്കൊടുക്കുകയും നല്ല നിലയിൽ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആരായേണ്ടതുമാണ്.

അക്കാദമിക് കമ്മിററികൾ ഏറെറടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ താഴെ കാണിക്കുന്നു.

അക്കാദമിക് കമ്മിററികൾ ഏറെറടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ

1. അക്കാദമിക് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുക.

2. പാഠഭാഗങ്ങൾ പഠിപ്പിക്കുമ്പോൾ ആവർത്തന വിരസത ഒഴിവാക്കാനുതകുന്ന ആവിഷ്ക്കാരശൈലി കണ്ടെത്തുക.

3. ക്ലാസുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരായുകയും നടപ്പാക്കുകയും ചെയ്യുക.

4. പഠിതാക്കളെ ക്ലാസുകളിലേയ്ക്ക് ആകർഷിക്കാനും അവരെ ക്ലാസുകളിൽ നിലനിർത്താനും സഹായിക്കുക.

5. ക്ലാസുകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ വിഭവങ്ങൾ സമാഹരിക്കുകയും ക്ലാസുകളിൽ എത്തിക്കുകയും ചെയ്യുക.

6. പാഠാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. പരിശീലനപരിപാടികൾ ഫലപ്രദമാക്കുന്നതിന് സഹായിക്കുക.

8. മാതൃകാ ക്ലാസുകൾ സംഘടിപ്പിക്കുക.

9. Film show, Exhibition എന്നിവ കാലാകാലങ്ങളിൽ സംഘടിപ്പിക്കുക.

10. പഠനയാത്രകൾക്ക് രൂപം നൽകുക.

11. പ്രാദേശികമായി വാർത്താപത്രികകൾ തയ്യാറാക്കി വിതരണം ചെയ്യുക.

12. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനു വേണ്ടി ബഹുജന മാദ്ധ്യമങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് കണ്ടെത്തുക.

13. പഠന ബോധന സാമഗ്രികൾ തയ്യാറാക്കാൻ സഹായിക്കുക.

14. പ്രവർത്തനം ഊർജസ്വലമാക്കാനുതകുന്ന പ്രാദേശിക വിഭവങ്ങൾ സമാഹരിക്കുക.

15. പ്രചാരണ പരിപാടികൾ കാര്യക്ഷമമാക്കുക.

16. ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

17. പഠിതാക്കൾക്കിടയിൽ ആരോഗ്യകരമായ കലാ-കായിക-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക,

18. അധ്യാപന നിലവാരം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നല്കുക.

19. പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ റിപ്പോർട്ട് ചെയ്യുക.

20. Monitoring & Evaluation ഫലപ്രദമായി നടത്താൻ സഹായിക്കുക.

നവസാക്ഷരരുടെ തുടർവിദ്യാഭ്യാസം

കെ. കെ. കൃഷ്ണകുമാർ

നിരക്ഷരരുടെ വിദ്യാഭ്യാസ പ്രക്രിയയിലെ ഒന്നാമത്തെ ചുവടുവയ്പാണ് സാക്ഷരതാ പ്രവർത്തനം. സാക്ഷരതാ പ്രവർത്തനം വഴി എഴുതാനും വായിക്കാനും കണക്കു കൂട്ടാനുമുള്ള കൗശലം കൈവരിച്ചവരാണ് നവസാക്ഷരർ. നവസാക്ഷരരുടെ, താരതമ്യേന ദുർബലമായ ഭാഷാ ഗണിത കൗശലം നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും സ്വയം പര്യാപ്തമാക്കിതീർക്കുന്നതിനുമുള്ള പ്രവർത്തനത്തിനാണ് ഉത്തര സാക്ഷരതാ പരിപാടി അഥവാ പോസ്റ്റ് ലിറ്ററസി എന്നു പറയുന്നത്. ഫലപ്രദമായ ഉത്തര സാക്ഷരതാപരിപാടിയുടെ അഭാവത്തിൽ ഏതൊരു സാക്ഷരതാപരിപാടിയും വ്യർത്ഥമായിത്തീരും. ലോകമെമ്പാടുമുള്ള ഒട്ടേറെ അനുഭവങ്ങൾ ഇക്കാര്യം വ്യക്തമാക്കികഴിഞ്ഞിട്ടുണ്ട്. സാക്ഷരത ഒരു സമൂഹത്തിൻെറ, അതിലെ വ്യക്തികളുടെ, ജീവിതം മെച്ചപ്പെടുത്തുന്നതിന് തികച്ചും പ്രയോജനപ്പെടുന്ന ഒരു ഉപാധിയായി മാറുന്നത് തുടർച്ചയായ വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെയാണ്. നിരക്ഷരതയിൽ നിന്ന്, തുടർച്ചയായ വിദ്യാഭ്യാസപ്രവർത്തനത്തിലൂടെ, പുതിയൊരു വ്യക്തിത്വത്തിലേക്കുള്ള സഞ്ചാര പഥത്തിലെ രണ്ടു സുപ്രധാന ഘട്ടങ്ങൾ എന്ന നിലയിൽ സാക്ഷരതാ പ്രവർത്തനത്തെയും ഉത്തരസാക്ഷരതാ പ്രവർത്തനത്തെയും കാണാൻ കഴിഞ്ഞെങ്കിൽ മാത്രമേ അവയുടെ പ്രാധാന്യം പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കൂ.



ഇപ്രകാരം, സാക്ഷരതാ പ്രവർത്തനത്തെയും ഉത്തരസാക്ഷരതാ പ്രവർത്തനത്തെയും ഒരു തുടർവിദ്യാഭ്യാസ പ്രവർത്തനത്തിലെ വിവിധഘട്ടങ്ങൾ എന്ന നിലയിൽ മനസ്സിലാക്കിക്കഴിഞ്ഞാൽ, ഈ പശ്ചാത്തലത്തിൽ, മേൽപ്പറഞ്ഞ ഓരോ ഘട്ടങ്ങളിലും പഠിതാവിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, പഠനതന്ത്രങ്ങൾ എന്നിവയിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്ത

മായി മനസ്സിലാക്കാൻ കഴിയും.

നിരക്ഷരത, നവസാക്ഷരത, സാക്ഷരത

നിരക്ഷരതയിൽ നിന്ന് പൂർണ സാക്ഷരത അഥവാ സജീവ സാക്ഷരതയിലേക്കുള്ള നീക്കത്തിലെ ഒരു നിർണായകഘട്ടമാണ് നവസാക്ഷരത. സാക്ഷരതാ പ്രവർത്തനത്തിന്റെ സ്വഭാവമനുസരിച്ച് നവസാക്ഷരതയുടെ നിലവാരത്തിലും വ്യത്യാസമുണ്ടായിരിക്കും.

പരസഹായമില്ലാതെ (ഇൻസ്ട്രക്റ്ററുടെ സഹായമില്ലാതെ) തന്റെ പഠനം തുടരുന്നതിനാവശ്യമായ ഭാഷാ കൗശലവും (എഴുത്ത്, വായന) ഗണിത കൗശലവും കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പഠിതാവിനെ പൂർണ സാക്ഷരൻ എന്നു വിളിക്കാം.

പക്ഷെ, ഏതൊരു സാക്ഷരതാ പ്രവർത്തനത്തിലും മൊത്തം പഠിതാക്കളിൽ ചെറിയൊരു ശതമാനം പേരെ മാത്രമേ ഇത്തരത്തിൽ പൂർണ സാക്ഷരരാക്കിതീർക്കാൻ കഴിയൂ. പാഠ്യപദ്ധതിക്രമം, പഠനകാലയളവ്, ഇൻസ്ട്രക്റ്റർമാരുടെ നിലവാരം, പഠിതാക്കളുടെ പശ്ചാത്തലം തുടങ്ങിയ ഒട്ടനവധി ഘട്ടങ്ങളുമായി ബന്ധപ്പെട്ട പരിമിതികൾ മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ആദ്യഘട്ടം സാക്ഷരതാ പ്രവർത്തനം പൂർത്തിയാക്കുന്ന പഠിതാക്കളിൽ ഭൂരിഭാഗംപേരും അർദ്ധ സാക്ഷരരോ നവസാക്ഷരരോ ആയിരിക്കും. നിരക്ഷരതയിൽ നിന്ന് പൂർണ്ണ സാക്ഷരതയിലേക്കുള്ള മാർഗ്ഗത്തിലെ രണ്ടു ഘട്ടങ്ങളെയാണ് അർദ്ധ സാക്ഷരത, നവസാക്ഷരത എന്നീ പദങ്ങൾ സൂചിപ്പിക്കുന്നത്.



സാക്ഷരതാ പ്രവർത്തനത്തിലൂടെ സാങ്കേതികമായി എഴുത്ത്, വായന, കണക്ക് എന്നിവയിൽ നിർദ്ദിഷ്ട നിലവാരം ഏറെക്കുറെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തുടർന്ന് സ്വന്തമായി വായിക്കാനും പഠിക്കാനുമുള്ള താല്പര്യമോ കഴിവോ പ്രദർശിപ്പിക്കാതിരിക്കുന്നവരെ പൊതുവിൽ അർദ്ധസാക്ഷരർ എന്നു വിളിക്കാം.

സാക്ഷരതാ പ്രവർത്തനം വിജയകരമായി പൂർത്തിയാക്കുകയും അതിലൂടെ കൈവരിച്ച ഭാഷാ കൗശലവും ഗണിത കൗശലവും പ്രയോജനപ്പെടുത്തിക്കൊണ്ട് ഇൻസ്ട്രക്റ്ററുടെ നേരിട്ടുള്ള സഹായം കൂടാതെ സ്വയമേവ പഠിക്കാനുള്ള കഴിവും താല്പര്യവും പ്രകടിപ്പിക്കുന്നവരെയാണ് സാധാരണയായി നവസാക്ഷരർ എന്നു വിളിക്കുന്നത്.

മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളെ ലക്ഷ്യമാക്കിയാണ് ഉത്തര സാക്ഷരതാ പദ്ധതി അഥവാ പോസ്റ്റ് ലിറ്ററസി പരിപാടി ആവിഷ്കരിക്കേണ്ടത്. അതായത്, സാക്ഷരതാ പരിപാടിയിൽ പങ്കാളിയായതിനുശേഷം അർദ്ധസാക്ഷരരായി കഴിയുന്നവരെയും നവസാക്ഷരരായിമാറിയിരിക്കുന്നവരെയും പൂർണ്ണ സാക്ഷരതയിലേക്ക് നയിക്കുന്നതിനായി ആവിഷ്ക്കരിക്കുന്ന പരിപാടിയാണ് പോസ്റ്റ് ലിറ്റസി പരിപാടി എന്നർഥം.

സ്വാഭാവികമായും ഈ ലക്ഷ്യം കണക്കിലെടുത്തുകൊണ്ട് പോസ്റ്റ് ലിറ്ററസി ഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന പഠനരീതിയും തമ്മിലുള്ള മുഖ്യമായ വ്യത്യാസങ്ങൾ ചുരുക്കത്തിൽ പരിശോധിക്കാം.

	സാക്ഷരതാ പ്രവർത്തനം	ഉത്തര സാക്ഷരത
1.	പരസഹായത്തോടെയുള്ള പഠനം	പരസഹായമില്ലാതെയുള്ള പഠനത്തിലേക്ക്
2.	പഠനത്തിൻെറ തുടക്കം	പഠനത്തിൻെറ തുടർച്ച
3.	ഭാഷ, ഗണിതം എന്നിവയുമായി ബന്ധപ്പെട്ട കൗശലങ്ങൾ	ഭാഷയും ഗണിതവും ജീവിതത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ്
4	താരതമ്യേന ദുർബലമായ സാക്ഷരതാ നിലവാരം	കൂടുതൽ പ്രബലമായ സാക്ഷരതാ നിലവാരം
5	പൊതുവായ പാഠ്യക്രമം	പൊതുപാഠ്യക്രമം+അനുയോജ്യമായ മറ്റു രീതികൾ
6	പരിമിതമായ വാക്കുകൾ പരിചയപ്പെടുന്നു	കൂടുതൽ വാക്കുകൾ, പ്രയോഗങ്ങൾ
7	പൊതുവിജ്ഞാനത്തിൻെറ തുടക്കം	പൊതുവിജ്ഞാനത്തിൻെറ തുടർച്ച പ്രയോഗക്ഷമത
8	സാമാന്യാവബോധം പ്രയോഗക്ഷമത	വിമർശനാത്മക അവബോധം,

സാക്ഷരതാ പ്രവർത്തനം, ഉത്തരസാക്ഷരതാ പ്രവർത്തനം എന്നിവയുടെ ലക്ഷ്യങ്ങളിൽ കാണാവുന്ന വ്യത്യാസം കണക്കിലെടുത്തുകൊണ്ടായിരിക്കണം ഉത്തര സാക്ഷരതാ പ്രവർത്തന ഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന പഠനരീതികൾ ആവിഷ്ക്കരിക്കേണ്ടത്.

ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഉത്തരസാക്ഷരത ഘട്ടത്തിലെ പ്രവർത്തനത്തിന്റെ മുഖ്യ ഉദ്ദേശ്യങ്ങൾ താഴെ പറയുംവിധം ക്രോഡീകരിക്കാം.

1. ആദ്യഘട്ടം സാക്ഷരതാ പ്രവർത്തനം പൂർത്തിയാക്കിയ പഠിതാക്കളുടെ സാക്ഷരത നിലനിർത്തുകയും വികസിപ്പിക്കുകയും അതിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുകയും ചെയ്യുക.

2. ആദ്യഘട്ടം സാക്ഷരതാ പ്രവർത്തനത്തിൽ ഇൻസ്ട്രക്റ്ററുടെ സഹായത്തോടുകൂടിയ പഠനക്രമമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. ഈ രീതി ക്രമേണ മാറ്റി സ്വന്തമായി വായിക്കാനും എഴുതാനും പഠനം തുടരുന്നതിനുമുള്ള കഴിവ് പഠിതാവിന് ഉണ്ടാക്കിക്കൊടുക്കുക.

3. എഴുതാനും വായിക്കാനും കണക്കുകൂട്ടാനുമുള്ള കൗശലം സ്വന്തം ജീവിത സാഹചര്യത്തിൽ സ്വയം പ്രയോജനപ്പെടുത്താനുള്ള കഴിവും ആത്മവിശ്വാസവും വളർത്തിയെടുക്കാൻ പഠിതാവിനെ സഹായിക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ, സമ്പൂർണ സാക്ഷരതാ പ്രവർത്തനം ഫലപ്രദമായി പൂർത്തിയാക്കിയ പഠിതാക്കളെ കണക്കിലെടുത്തുകൊണ്ടുള്ളവയാണ്. നമ്മുടെ പ്രത്യേകമായ സാഹചര്യത്തിൽ, ഇതോടൊപ്പം രണ്ട് മുഖ്യമായ ലക്ഷ്യങ്ങൾകൂടി ചേർക്കേണ്ടതുണ്ട്.

4. മുൻവർഷത്തെ സമ്പൂർണ സാക്ഷരത പ്രവർത്തനത്തിൽ പങ്കെടുക്കാൻ കഴിയാതെപോയ നിരക്ഷരരിൽ പരമാവധി പേരെ സാക്ഷരതാ ക്ലാസ്സുകളിൽ എത്തിക്കുക.

5. കഴിഞ്ഞ വർഷത്തെ സാക്ഷരതാ ക്ലാസ്സുകളിൽ ഭാഗികമായി മാത്രം പങ്കെടുക്കുകയോ ഇടയ്ക്ക്വച്ച് പഠനം നിറുത്തുകയോ ചെയ്തിട്ടുള്ള പഠിതാക്കളെ തിരിച്ച് ക്ലാസ്സുകളിലെത്തിക്കുക. അവരുടെ പഠനം തുടരാനുള്ള സാഹചര്യമൊരുക്കുക.

4,5 ഇനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നില്ല.

പോസ്റ്റ് ലിറ്ററസി—പഠന ക്രമം

ഒന്ന്, രണ്ട്, മൂന്ന് ഭാഗം പ്രൈമറുകൾ ഉപയോഗിച്ചാണല്ലോ ആദ്യ ഘട്ടത്തിലെ സാക്ഷരതാ പ്രവർത്തനം ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇൻസ്ട്രക്റ്ററുടെ സഹായത്തോടെയാണ് പഠിതാവ് ഈ മൂന്ന് പ്രൈമറുകളും പഠിച്ചിരുന്നത്. മൂന്നാം പ്രൈമർ ധൃതിയിൽ പൂർത്തിയാക്കിയവർ, രണ്ടാം പ്രൈമറിൽ വെച്ച് പഠനം ഏതാണ്ട് അവസാനിപ്പിച്ച് അവസാനത്തെ ടെസ്റ്റിന് തയ്യാറായ

'വർ എന്നിങ്ങനെ രണ്ടു മൂന്നു വിഭാഗങ്ങളിൽപ്പെടുന്നവരെ ഒന്നാം ഘട്ടം (സമ്പൂർണസാക്ഷരതാ ഘട്ടം) തൃപ്തികരമായി പൂർത്തിയാക്കിയവർ എന്നു വിളിക്കാം. ഇവർക്കുവേണ്ടി ആവിഷ്ക്കരിക്കുന്ന പഠന ക്രമത്തിന് പൊതുവെ മൂന്ന് ഘട്ടങ്ങൾ ഉണ്ടായിരിക്കും

ഒന്നാം ഘട്ടം

എ. ഒന്നാം ഘട്ടം — ആവർത്തനം — ഉദ്ദേശം 50 മണിക്കൂർ (2—2 1/2 മാസം)

ബി. രണ്ടാംഘട്ടം — നാലാം പ്രൈമർ (പി. എൽ. 1) — 50 — 60 മണിക്കൂർ (3—3 1/2 മാസം)

നാലാം പ്രൈമറിനെ ആധാരമാക്കിക്കൊണ്ടുള്ള പഠനത്തിൽ തന്നെ മൂന്നു ഭാഗങ്ങളുണ്ട്.

ബി 1. ഇൻസ്ട്രക്റ്ററുടെ സഹായത്തോടെയുള്ള പഠനം

ബി 2. ഇൻസ്ട്രക്റ്ററുടെ സഹായം പരമാവധി കുറച്ചുകൊ ണ്ടുള്ള സ്വയം പഠനം

ബി 3. സ്വയമേവയുള്ള വായന, എഴുത്ത്, പഠനം

സി മൂന്നാം ഘട്ടം — തുടർ വിദ്യാഭ്യാസത്തിന്റെ ആദ്യ ഘട്ടം 5—6 മാസം

എ. ഒന്നാം ഘട്ടം — ആവർത്തന ഘട്ടം

ആദ്യത്തെ മൂന്നു പ്രൈമറുകളിലൂടെ കൈവരിച്ച ഭാഷ, ഗണിത കൗശലം ഇവ ഒന്നുകൂടി ഉറപ്പിക്കുന്നതിനാണ് ഈ ഘട്ടം പ്രയോജനപ്പെടുത്തേണ്ടത്. സാക്ഷരതാ പരിപാടിയുടെ അവസാനത്തിനും പോസ്റ്റ് ലിറ്ററസി പരിപാടിയുടെ തുടക്കത്തിനും മദ്ധ്യേയുള്ള ഇടവേള കൂടുതലായിരിക്കുന്ന സാഹചര്യത്തിൽ ഇത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. പഠിതാക്കളുടെ പഠനതാല്പര്യം വീണ്ടെടുക്കുക, സാക്ഷരത നിലനിർത്തേണ്ടതിന്റെ അവശ്യകത പഠിതാക്കളേയും സമൂഹത്തേയും ബോദ്ധ്യപ്പെടുത്തുക എന്നിവയെല്ലാം ഈ ഘട്ടത്തിലെ ലക്ഷ്യങ്ങളാണ്. ആവർത്തന ഘട്ടത്തിന്റെ വിജയം അത് എത്രത്തോളം ആവർത്തന വിരസത ഒഴിവാക്കിക്കൊണ്ട് സംഘടിപ്പിക്കാനാവും എന്നതിലാണ് കുടികൊള്ളുന്നത്. മൂന്നാം പ്രൈമർ കൂടുതൽ രസകരമായി അവതരിപ്പിച്ചുകൊണ്ടും ചർച്ചകൾക്കും അനുബന്ധ പഠന രീതികൾക്കും പ്രാധാന്യം നൽകിക്കൊണ്ടും ആവർത്തന വിരസത ഒഴിവാക്കണം. നാലാം പ്രൈമറിന്റെ (പി. എൽ. 1) ആദ്യ ഭാഗവും ആവർത്തന പഠനത്തിനായി പ്രയോജനപ്പെടുത്താം. (നമ്മുടെ സാഹചര്യത്തിൽ നേരത്തെ നിലവിലുണ്ടായിരുന്ന മുഴുവൻ സാക്ഷരതാ ക്ലാസ്സുകളും പുനരാരംഭിക്കുക എന്നതായിരിക്കണം ഈ ഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന സംഘടനാ തന്ത്രം. ഇതിനാവശ്യമായ അന്തരീക്ഷ സൃഷ്ടിയും പ്രധാനമാണ്.

ബി. രണ്ടാം ഘട്ടം — നാലാം പ്രൈമർ (പി. എൽ. 1)

നേരത്തെ 'ഉപയോഗിച്ചിരുന്ന മൂന്നു പ്രൈമറുകളുടെ തുടർച്ചയായി,

എന്നാൽ അവയിൽ നിന്നും വ്യത്യസ്ഥമായ പ്രകൃതത്തോടെയാണ് നാലാം പ്രൈമർ തയ്യാറാക്കപ്പെടുക. പ്രൈമർ നാലിൻെറ ആദ്യ ഘട്ടത്തിൽ പഠിതാവ് ഇൻസ്ട്രക്റ്ററുടെ സഹായത്തോടെയാണ് പഠിച്ച് തുടങ്ങുക. പക്ഷെ ക്രമത്തിൽ ഇൻസ്ട്രക്റ്ററുടെ ഇടപെടലും സഹായവും കുറച്ചുകുറച്ച് കൊണ്ടുവരാനും പഠിതാവിന് സ്വയമേവ പഠനം തുടരാനും കഴിയുന്ന വിധത്തിലാണ് അതിൻെറ ഘടന. അതായത് പി. എൽ. 1 ഒരു പാഠപുസ്തകവും കൂടി ചേർന്ന പഠനോപാധിയാണ് എന്നർത്ഥം. ഈ ഘട്ടത്തിൽ, ഇൻസ്ട്രക്റ്ററുടെ പങ്കാളിത്തത്തിൻെറ സ്വഭാവത്തിൽ മൗലികമായ മാറ്റം വരുന്നുണ്ട്. ഈ മാറ്റം വ്യക്തമായി ഉൾക്കൊള്ളാനും അതിനനുസൃതമായി തൻെറ പ്രവർത്തനത്തിലും സമീപനത്തിലും മാറ്റം വരുത്താൻ ഇൻസ്ട്രക്റ്ററെ സന്നദ്ധമാക്കുക എന്നതാണ് പോസ്റ്റു ലിറ്ററസി പരിശീലനത്തിൻെറ മുഖ്യമായ ഉദ്ദേശ്യം. ഈ ഘട്ടത്തിലെ പഠനോപാധികൾ ഒന്നു മാത്രമാണ് നാലാം പ്രൈമർ. ഇതോടൊപ്പം അനുയോജ്യമായ മറ്റുപഠനോപാധികൾ (പുസ്തകങ്ങൾ, നവസാക്ഷര പത്രം മുതലായവ) തീർച്ചയായും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

സി. മൂന്നാം ഘട്ടം
തുടർ വിദ്യാഭ്യാസത്തിൻെറ പ്രാരംഭം

രണ്ടാം ഘട്ടത്തിൻെറ അവസാനത്തിനു മുൻപുതന്നെ മൂന്നാം ഘട്ടം ആരംഭിക്കുന്നു. രണ്ടാം ഘട്ടത്തിലൂടെ വികസിപ്പിച്ചെടുത്ത സാക്ഷരതാപരമായ കഴിവും തുടർ പഠനത്തിനുവേണ്ടിയും ജീവിതവുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾക്കുവേണ്ടിയും പ്രയോജനപ്പെടുത്തിയെടുക്കുന്നതിനുള്ള അവസരങ്ങളും സംവിധാനങ്ങളും ഉണ്ടാക്കി എടുക്കുക എന്നതാണ് ഈ ഘട്ടത്തിലെ പ്രവർത്തനത്തിൻെറ കാതൽ.

രണ്ടാം ഘട്ടം ആരംഭിച്ച് മൂന്നാം ഘട്ടത്തിലൂടെ വികസിക്കുന്ന പോസ്റ്റ് ലിറ്ററസി പരിപാടിയുമായി ബന്ധപ്പെടുത്താവുന്ന മേഖലകളും ഈ ഘട്ടത്തിൽ പ്രയോജനപ്പെടുത്താവുന്ന കരുക്കളും നിരവധിയാണ്. ചില സൂചനകൾ താഴെക്കൊടുക്കുന്നു.

1. നവസാക്ഷര പത്രങ്ങൾ, കൈയെഴുത്ത് മാസികകൾ
2. സാധാരണ പത്രങ്ങളിലെ നവസാക്ഷര പംക്തികൾ
3. നവസാക്ഷര ഗ്രന്ഥങ്ങൾ, വിവിധ ഗ്രേഡുകളിൽ (1,2,3 ഗ്രേഡുകൾ)
4. നവസാക്ഷര പുസ്തക കോർണറുകൾ—വായനാശീലം (നിലവിലുള്ള ഗ്രന്ഥശാലകളിലും പുറത്തും)
5. ചുമർ പത്രികകൾ
6. റേഡിയോ/ടി.വി പരിപാടികൾ
7. കൂടുതൽ പാഠ പുസ്തകങ്ങൾ
8. തൊഴിൽ വിദ്യാഭ്യാസം

9. കറസ്പോണ്ടൻസ് കോഴ്സുകൾ

10. സാംസ്കാരിക പ്രവർത്തനങ്ങൾ

11. വികസന മേഖലയുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ

പോസ്റ്റ് ലിറ്ററസി — സംഘടനാ തന്ത്രം

തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിന് ഏറ്റവും അനുയോജ്യമായ സംഘടനാ തന്ത്രം എന്ത് എന്നതിനെ സംബന്ധിച്ച് സർവ്വസമ്മതമായ ഒരു ഉത്തരമോ മാതൃകയോ എടുത്തു പറയാനാവില്ല. പക്ഷെ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുളള ചില തത്വങ്ങളുണ്ട്.

1. സംപൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിനുശേഷം, പോസ്റ്റു ലിറ്ററസിയുടെ ആദ്യഘട്ടത്തിൽ ഒന്നു രണ്ടു മാസക്കാലത്തേയ്ക്ക്, സാക്ഷരതാ ക്ലാസ്സുകൾ അതേപടി ആവശ്യമാണ്. നേരത്തേ വിവരിച്ച പോസ്റ്റു ലിറ്ററസിയിലെ ഒന്നാം ഘട്ടവും (ആവർത്തനം) രണ്ടാം ഘട്ടത്തിൻെറ ഭൂരിഭാഗവും (നാലാം പ്രൈമർ) സാക്ഷരതാ ക്ലാസ്സുകളെ ആധാരമാക്കിയാണ് സംഘടിപ്പിക്കേണ്ടിവരിക.

2. രണ്ടാം ഘട്ടത്തിൻെറ പ്രാരംഭം മുതൽ സാക്ഷരതാ ക്ലാസ്സുകളെ അക്ഷര സംഘങ്ങളാക്കിമാറ്റുന്ന പ്രവർത്തനത്തിന് തുടക്കം കുറിക്കാം. (ഈ മാറ്റം വെറും ഘടനാപരമായ ഒന്നല്ലെന്നും ഇതിന് പഠനരീതിയുമായിക്കൂടി ബന്ധമുണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ട്) സാക്ഷരതാ ക്ലാസ്സുകളിൽ നിന്ന് അക്ഷര സംഘങ്ങളിലേക്കുളള മാറ്റത്തിൻെറ ഘട്ടത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ താഴെ പറയുന്നു.

എ. ഇൻസ്ട്രക്റ്റർ നയിക്കുന്ന സാക്ഷരതാ ക്ലാസ്സുകൾ തുടരുമ്പോൾ തന്നെ രണ്ടാഴ്ചയിൽ ഒരു തവണ അടുത്തടുത്തുളള നാലഞ്ചു ക്ലാസ്സുകളിലെ പഠിതാക്കളും ഇൻസ്ട്രക്റ്റർമാരും അക്കാഡമിക് കൗൺസിൽ അംഗങ്ങളും ഒരു പൊതുപരിപാടിക്കായി ഒന്നിച്ചുചേരുന്നു. പൊതുചർച്ചയോ, ചോദ്യോത്തരങ്ങളോ, വിദഗ്ദരുടെ പ്രഭാഷണമോ, വീഡിയോ പരിപാടിയോ ഈ വിധത്തിൽ പഠിതാക്കൾക്ക് താല്പര്യം തോന്നുന്നതും അവരുടെ പഠനത്തെ സഹായിക്കുന്നതുമായ ഏതു പരിപാടിയും ആവാം. പക്ഷെ നാലാം പ്രൈമറിൻെറ പഠനം പൂർത്തിയാകുവോളം സാക്ഷരതാ ക്ലാസ്സുകൾ തുടരുകതന്നെ വേണം.

ബി. ക്രമത്തിൽ, പഠിതാക്കൾ സ്വാശ്രയ പഠനത്തിൻെറ ഘട്ടത്തിലേക്ക് നീങ്ങുന്നതോടെ സാക്ഷരതാ ക്ലാസ്സുകളുടെ എണ്ണം കുറയുന്നു. (പഠന പുരോഗതിയുടെ കാര്യത്തിൽ പിന്നിൽ നിൽക്കുന്നവരെ സഹായിക്കുന്നതിനും മറ്റുളളവരുടെ സംശയങ്ങൾ തീർക്കുന്നതിനുമായി ക്ലാസ്സുകൾ ഇടയ്ക്ക് കൂടാം). പക്ഷെ അക്ഷര സംഘങ്ങൾ നിലനിൽക്കുന്നു. അവയുടെ പ്രവർത്തനം കൂടുതൽ സജീവമാകുന്നു. അവയുടെ പ്രവർത്തനത്തിൽ ഇൻസ്ട്രക്റ്റർമാരോടും, അക്കാഡമിക് കമ്മിറ്റിയോടുമൊപ്പം പഠിതാക്കളും നേതൃത്വപരമായ പങ്കുവഹിക്കുന്നു. നവസാക്ഷര പുസ്തകങ്ങൾ നവസാക്ഷര പത്രം,ദിനപത്രം, ചർച്ച

കൾ മറ്റ് അനുബന്ധ പഠന പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഈ ഘട്ടത്തിലെ പഠന പ്രവർത്തനത്തിൻെറ ഭാഗമായിരിക്കും.

സി. സാക്ഷരതാ ക്ലാസ്സുകളിൽ നിന്ന് അക്ഷര സംഘങ്ങളിലേക്കുള്ള മാറ്റം യാന്ത്രികമായി നടപ്പാക്കാനാവില്ല. പഠിതാക്കളുടെ താല്പര്യം, ഒന്നിച്ചുകൂടാനുള്ള അവരുടെ പ്രായോഗിക പ്രയാസങ്ങൾ, അവർക്ക് രസകരവും പ്രയോജനപ്രദവുമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കൽ എന്നിങ്ങനെ ഒട്ടേറെ ഘടകങ്ങൾ പരിഗണിച്ചുകൊണ്ടുവേണം അക്ഷരസംഘങ്ങൾ രൂപീകരിക്കുവാൻ, തുടർ പഠനത്തിനുള്ള ജനകീയ കേന്ദ്രങ്ങൾ എന്ന നിലയിൽ അക്ഷരസംഘങ്ങളുടെ പ്രവർത്തനം വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞാൽ ഏറെ നന്നായി.

ഡി. അക്ഷര സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ കണക്കിലെടുക്കണം.

- പ്രവർത്തന ശൈലിയുടെ ആകർഷണത്വം.
- ഇൻസ്ട്രക്റ്റർമാരുടെയും അക്കാദമിക് കമ്മിറ്റിയുടെയും സർഗ്ഗാത്മകത, സജീവത.
- ജനകീയ സ്വഭാവം, ജീവിത ബന്ധം, പ്രയോജനം.
- വികസന പ്രവർത്തനങ്ങളോടുള്ള ബന്ധം.

മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് സംഘടനാപരമായും അക്കാദമികമായും അക്ഷര സംഘങ്ങളെ സഹായിക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തു തലത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. പോസ്റ്റു ലിറ്ററസി സംഘടനയുടെ ഭാഗമായി ഇത്തരത്തിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. ജനവിദ്യാ കേന്ദ്രങ്ങളെ അക്ഷര സംഘങ്ങൾക്ക് അക്കാദമിക് പിന്തുണ നൽകുന്ന ജനകീയ കേന്ദ്രങ്ങളായി വികസിപ്പിക്കാനായാൽ ഈ ലക്ഷ്യം നേടാനാകും.

ഏകദിന ഗൃഹ സന്ദർശന പരിപാടി

സാക്ഷരതാ പ്രവർത്തനത്തിന്റെ ഒന്നാംഘട്ടം 1991 ഏപ്രിൽ മാസത്തിൽ കഴിഞ്ഞു. കണക്കുകളനുസരിച്ച് 12.22 ലക്ഷം നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞു. ദേശീയ സാക്ഷരതാമിഷന്റെ തത്വങ്ങളനുസരിച്ച് ഒരു വിദഗ്ധ സമിതി നടത്തിയ മൂല്യ നിർണയത്തിനെ അടിസ്ഥാനമാക്കിയാണ് സാക്ഷരതാ പ്രഖ്യാപനം നടത്തിയിട്ടുള്ളത്. എന്നാൽ സാക്ഷരതാ പ്രവർത്തനത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് ഒരു കാലതാമസം ഉണ്ടായിട്ടുണ്ട്. ഈ കാലതാമസം പ്രവർത്തനത്തെ ചെറിയ തോതിൽ തളർത്തി എന്നത് ഒരു വാസ്തവമാണ്. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം (തുടർ വിദ്യാഭ്യാസം) ആരംഭിക്കേണ്ടതിനാവശ്യമായ ഒരു പരിസ്ഥിതി (Environment) ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. ഇത് ഒരു ജനകീയ പരിപാടി ആയതുകൊണ്ട് ജനപങ്കാളിത്തം എല്ലാതലത്തിലും ഉറപ്പുവരുത്തേണ്ടതാണ്, ഒന്നാംഘട്ട പ്രവർത്തനത്തിന്റെ മുന്നോടിയായി നടത്തിയ സംസ്ഥാന വ്യാപകമായ ഏകദിന സർവ്വേ വളരെ വിജയകരമായിരുന്നു. ഇതിന്റെ പിന്നിൽ വളരെ ബൃഹത്തായ ഒരു പരിശ്രമം ഉണ്ടായിരുന്നു. ഇതുപോലെ ഒരു ഏകദിന ഗൃഹസന്ദർശന പരിപാടി സംസ്ഥാനവ്യാപകമായി 91 ഡിസംബർ 14-ാം തീയതി നടത്തേണ്ടതാണ്. ഇതിനു പ്രാരംഭമായി വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. പ്രോജക്റ്റ് ഉദ്യോഗസ്ഥൻമാർ ഇതിനകം ജോലിയിൽ പ്രവേശിച്ചിരിക്കുമെന്ന് കണക്കാക്കുന്നു. ജനപങ്കാളിത്തത്തോടുകൂടി ഇതിനാവശ്യമായ സ്ക്വാഡുകൾ രൂപീകരിക്കുകയും വിവരങ്ങൾ ശേഖരിക്കാൻ അവരെ പരിശീലിപ്പിക്കുകയും വേണം. ശേഖരിക്കുന്ന വിവരങ്ങൾ വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും ക്രോഡീകരിക്കേണ്ടതാണ്. ഏകദേശം 50 ഗൃഹങ്ങൾക്ക് ഒരു സ്ക്വാഡ് വേണ്ടിവരും. വിവരങ്ങൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ ഫോറങ്ങൾ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫോറം (POLIS-01) ഉപയോഗിച്ച് ഓരോ വീട്ടിലേയും വിവരങ്ങൾ ശേഖരിക്കാൻ സാധിക്കും. ഇതിൽ ഒന്നാമത്തെ കോളത്തിൽ വീടിന്റെ നമ്പരും രണ്ടാമത്തെ കോളത്തിൽ വീടിന്റെ പേരും എഴുതാവുന്നതാണ്. പ്രസ്തുത അംഗം ഒന്നാംഘട്ട സാക്ഷരതാ ക്ലാസിൽ ഉണ്ടായിരിക്കുകയോ, ഇപ്പോൾ നിരക്ഷരനോ, അല്ലെങ്കിൽ സാക്ഷരതാ പ്രവർത്തനത്തിൽ ഇൻസ്ട്രക്റ്റർ ആയോ, മാസ്റ്റർട്രയിനർ ആയോ, അക്കാദമിക് കൗൺസിൽ അംഗമായിട്ടോ പ്രവർത്തിക്കാൻ ആഗ്രഹമുള്ള ആളാണെങ്കിൽ അയാളുടെ പേര് മൂന്നാം കോളത്തിൽ ചേർക്കുക. നാലാമത്തെ കോളത്തിൽ വയസ്, അഞ്ചാമത്തെ കോളത്തിൽ സ്ത്രീയോ പുരുഷനോ (F/M), ആറാമത്തെ കോളത്തിൽ പട്ടികജാതിയോ പട്ടികവർ

ഗമോ (SC/ST) എന്ന് ചേർക്കുക. 7 മുതൽ 15 വരെയുള്ള കോളങ്ങളിൽ അതേ എന്നു കാണിക്കുന്നതിന് ഒരു "×" മാർക്ക് ഇടാവുന്നതാണ്. മറ്റേതെങ്കിലും വിവരങ്ങൾ ചേർക്കണമെന്നുണ്ടെങ്കിൽ കോളം 16-ൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ ഫോറങ്ങൾ സംസ്ഥാന സമിതിയിൽ നിന്ന് അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. ഫോറത്തിന്റെ മുകളിൽ ജില്ല, പ്രോജക്റ്റ്, സബ്പ്രോജക്റ്റ്, പഞ്ചായത്ത്, വാർഡ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിക്കാം. സബ്പ്രോജക്റ്റ് കോഡ് (ഒന്നാം ഘട്ടത്തിലേത്) അറിയുമെങ്കിൽ അതും കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

ഫോറം 2 (POLTS-02) വാർഡ് തല കൺസോളിഡേഷന് ഉദ്ദേശിച്ചിട്ടുള്ള ഫോറമാണ്. ഇതിൽ ഓരോ ഗ്രൂപ്പിലുള്ള ആളുകളുടെ ആകെ എണ്ണം ചേർക്കേണ്ടതാണ്. ഗൃഹ സന്ദർശനം പൂർത്തിയാക്കിയതിനുശേഷം ഒന്നു രണ്ട് ദിവസത്തിനകം വാർഡ്തല കൺസോളിഡേഷൻ നടത്തിയിരിക്കണം.

ഫോറം 3 (POLIS-03) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല കൺസോളിഡേഷന് വേണ്ടിയുള്ളതാണ്. വാർഡ്തല കൺസോളിഡേഷൻ നടത്തി ഒന്നു രണ്ട് ദിവസത്തിനകം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല കൺസോളിഡേഷൻ നടന്നിരിക്കണം. ഈ പ്രവർത്തനങ്ങളും ഒരാഴ്ചകൊണ്ട് പൂർത്തീകരിക്കാൻ ശ്രദ്ധിക്കണം. ഇത് ഫലപ്രദമായി നടത്തുന്നതിന് വളരെയധികം ശ്രദ്ധയും പ്ലാനിംഗും ആവശ്യമാണ്.

ഏകദിന ഗൃഹസന്ദർശന പരിപാടി വിജയിപ്പിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1. ജില്ലാ കളക്ടർമാർ അതത് ജില്ലയിലെ ജില്ല/താലൂക്ക്, പഞ്ചായത്ത് ഓഫീസർമാർ, പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ യോഗം വിളിച്ചു കൂട്ടി ഏകദിന ഭവന സന്ദർശന പരിപാടിയുടെ പ്രാധാന്യം അവരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ജില്ലാ കൗൺസിൽ മെമ്പർമാർ, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർ, തഹസീൽദാർ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. പഞ്ചായത്ത് പ്രസിഡന്റുമാരെയും പ്രസ്തുത യോഗത്തിൽ വിളിക്കാവുന്നതാണ്. ഇതിനാവശ്യമായ കാര്യങ്ങൾ ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർമാർ ചെയ്യേണ്ടതാണ്.

2. ഇതിനെ തുടർന്ന് ജില്ലയിലെ രാഷ്ട്രീയ നേതാക്കളേയും മറ്റു വിശിഷ്ട വ്യക്തികളേയും വിളിച്ച് അവരുടെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

3. പഞ്ചായത്ത്തല സാക്ഷരതാ സമിതികൾ വിളിച്ചുകൂട്ടി ഏക ദിന ഗൃഹസന്ദർശന പരിപാടി വിജയകരമായി നടത്താൻ ആവ ശ്യമായ നടപടികൾ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ എടുക്കേണ്ടതാണ്.

4. നഗരസഭ/പഞ്ചായത്ത് വാർഡുകളിൽ വാർഡു മെമ്പർമാർ ചെ യർമാനായും സ്ഥലത്തെ സേവന സന്നദ്ധത ഉള്ളവർ അംഗങ്ങ ളായും ഒരു കമ്മിററി രൂപീകരിക്കേണ്ടതാണ്. ഇതിൽ റിസോഴ്സ് പേഴ്സൺ, മാസ്ററർ ട്രെയിനേഴ്സ് ഇൻസ്ട്രക്ററർ എന്നിവരെയും ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത വർഡിലെ ഏകദിന സന്ദർശന പരിപാടി വിജയകരമായി 'നടപ്പാക്കുന്നത് ഈ സമിതി ആയിരിക്കും. ഇതിലേക്ക് ആവശ്യമായ 4-5 പേര ടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. ഒരു സ്ക്വാ ഡിന് 40-50 വരെ വീടുകൾ സന്ദർശിക്കാൻ സാധിക്കും.

5. ഡിസംബർ മാസം ആദ്യവാരം വാർഡുതല സാക്ഷരതാ സമിതി കൾ കൂടി ഭവന സന്ദർശന പരിപാടിയിൽ ശേഖരിക്കേണ്ട വിവ രങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തേണ്ടതാണ്. പ്രസ്തുത സമ്മേളനത്തിൽ മേൽ പറഞ്ഞ കമ്മിററിയിലെ അംഗങ്ങൾ എല്ലാ വരും പങ്കെടുത്തിരിക്കണം. ബന്ധപ്പെട്ട അസിസൻററ് പ്രോ ജക്ററ് ഓഫീസർ/പ്രോജക്ററ് ഓഫീസർമാർ ഇത് വിലയി രുത്തേണ്ടതാകുന്നു.

6. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിൻെറ പ്രചാരണത്തിൻെറ ഭാഗമായി ഏകദിന ഗൃഹസന്ദർശന പരിപാടിയെക്കുറിച്ചുള്ള വിവരങ്ങൾ വാർത്താ മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ മുതലായവ വഴി പൊതുജനങ്ങളെ അറിയിക്കുന്നതി നുള്ള ഏർപ്പാടുകൾ വിവിധ തലങ്ങളിൽ ചെയ്തിരിക്കണം.

7. സംസ്ഥാന വ്യാപകമായി പ്രസ്തുത സന്ദർശന പരിപാടി ഒരു ദിവസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. ഇപ്പോൾ നി ശ്ചയിച്ചിരിക്കുന്നതനുസരിച്ച് '91 ഡിസംബർ 14-ാംതീയതി യാണ് ഈ ഗൃഹസന്ദർശന പരിപാടി നടത്താൻ തീരുമാനിച്ചി ട്ടുള്ളത്. ഇതിൻെറ വിജയത്തിനാവശ്യമായ പ്രചാരണപരിത്ത് പാടികൾ അതത് പ്രദേശത്തെ പ്രത്യേകതകൾ കണക്കിലെടു നടത്തേണ്ടതാണ്.

8. പ്രസ്തുത ഗൃഹ സന്ദർശന പരിപാടിയിൽ ശേഖരിച്ച വിവര ങ്ങൾ അടുത്ത രണ്ടു ദിവസത്തിനകം വാർഡുതലത്തിൽ കൺ സോളിഡേററ് ചെയ്യേണ്ടതാണ്.

9. പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ കൺസോളിഡേഷൻ അടുത്ത മൂന്നു ദിവസത്തിനകം നടത്തുവാനുള്ള സംവിധാനം ഏർപ്പാടു ചെയ്യണം.

10. വിവരങ്ങൾ ശേഖരിക്കുന്നതിനും കൺസോളിഡേഷൻ നടത്തുന്നതിനും പ്രത്യേകമായി ഉണ്ടാക്കി വിതരണം ചെയ്തിട്ടുള്ള ഫാറങ്ങൾ ഉപയോഗിക്കേണ്ടതാണ്. പഞ്ചായത്ത്തല കൺസോളിഡേഷൻ ഫാറത്തിൻെറ ഒരു കോപ്പി സംസ്ഥാന കേന്ദ്രത്തിൽ അയച്ചുതരേണ്ടതാണ്. ഇതിൻെറ ഒരു കോപ്പി പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷനിൽ സൂക്ഷിക്കുകയും വേണം.

പ്രസ്തുത പരിപാടി വിജയകരമാക്കുന്നതിന് കീ-റിസോഴ്സ് പേഴ്സൺസ്, മാസ്ററർ ട്രയിനർമാർ, ഇൻസ്ട്രക്ററർമാർ സാക്ഷരതാ സമിതി അംഗങ്ങൾ മുതലായവരുടെ സഹായ സഹകരണങ്ങൾ ഉറപ്പുവരുത്തണം. പരിപാടി ആവിഷ്കരിക്കുന്നത് ഓരോരോ പ്രദേശത്തെയും പ്രത്യേകത കണക്കിലെടുത്തുകൊണ്ടായിരിക്കണം.

മോണിററിംഗ് രണ്ടാംഘട്ടം

ഏതു പ്രോജക്ടും വിജയകരമായി നടപ്പാക്കുന്നതന് ഫലപ്രദമായ മോണിററിംഗ് (പ്രോജക്ടിനെ സംബന്ധിച്ച വിവരങ്ങൾ (Information) കാലാകാലങ്ങളിൽ അറിഞ്ഞിരിക്കേണ്ടത്) അത്യാവശ്യമാണ്. ഒരു പ്രോജക്ടിനെ ഫലപ്രദമായി നടത്താൻ ആവശ്യമായ വിവരങ്ങൾ പ്രദാനം ചെയ്യുന്ന സംവിധാനത്തെ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്ററം (MIS) എന്നു പറയുന്നു. ചുരുക്കിപറഞ്ഞാൽ ഫലപ്രദമായ രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൻെറ നടത്തിപ്പിന് വളരെ നല്ല മാനേജിംഗ് ഇൻഫർമേഷൻ സിസ്ററം ആവശ്യമാണ്.

കേരള സാക്ഷരതാ സമിതിയുടെ പ്രോജക്ട് സമ്മേളനം നാലുതരത്തിലുള്ളതാണ്. സംസ്ഥാന കേന്ദ്രത്തിനു താഴെ ജില്ലകൾ തോറും ജില്ലാ കോ-ഓർഡിനേഷൻ സെൻററുകളും അതിനു താഴെ പ്രോജക്ടുകളും ഓരോ പ്രോജക്ടിൻെറ കീഴിലും കുറെ സബ്-പ്രോജക്ടുകളുമുണ്ട്. ഇപ്പോഴത്തെ സംവിധാനം അനുസരിച്ച് ഒരു സബ് പ്രോജക്ടിൻെറ പേരിൽ ഒന്നോ അതിലധികമോ പഞ്ചായത്തുകൾ ഉൾക്കൊണ്ടിരിക്കും പ്രവർത്തനങ്ങൾ വാർഡ് കേന്ദ്രീകരിച്ചായിരിക്കും നടക്കുന്നത്. ഈ നാല് തലങ്ങളിലേയ്ക്കും ആവശ്യമായ വിവരങ്ങൾ ഒരേ തരത്തിലുള്ളതല്ല. പ്രസ്തുത സംവിധാനം കണക്കിലെടുത്ത് മൂന്ന് തലത്തിലുള്ള മാനേജിംഗ് ഇൻഫർമേഷൻ സിസ്ററം ഉണ്ടാക്കാവുന്നതാണ്.

1. Central managing Information System (കേന്ദ്രീകൃത മാനേജ്മെൻറ് സിസ്ററം)

2. Distributed management Information System (വികേന്ദ്രീകൃത മാനേജ്മെൻറ് സിസ്ററം)

3. Centralized cum distributed management system.

ഇതിൽ ഒന്നാമത്തെ സംവിധാനം അനുസരിച്ച് വിവിധ തലങ്ങളിൽ ശേഖരിക്കുന്ന ഡാററ ക്രോഡീകരിക്കുന്നത് ഒരു കേന്ദ്രീകൃത സ്ഥലത്തുവെച്ചാണ്. ഈ സംവിധാനത്തിൽ വിവിധ തലങ്ങളിൽ ശേഖരിക്കുന്ന ഡാററ ക്രോഡീകരണ കേന്ദ്രത്തിൽ എത്തിക്കേണ്ട ഒരു ചുമതല ഉണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ബൃഹത്തായ ഒരു റോഡുശൃംഖലയും കാര്യക്ഷമമായ വാർത്താവിനിമയ സംവിധാനവും ഉള്ളതുകൊണ്ട് ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. എന്നാൽ വളരെയധികം ഡാററ ഒരു സ്ഥലത്ത് കൈകാര്യം ചെയ്യേണ്ടതായി വരും. കംപ്യൂട്ടർ സംവിധാനം പ്രയോജനപ്പെടുത്തി ഇത് നടത്തുവാൻ പ്രയാസമുണ്ടാകാൻ സാധ്യതയില്ല. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ ഈ സംവിധാനമാണ് ഉപയോഗിച്ചിരുന്നത്.

കേന്ദ്ര ഗവൺമെൻറിൻെറ അധീനതയിലുള്ള നാഷണൽ ഇൻഫർമാററിക്സ് സെൻററിൻെറ (NIC) ജില്ലാതല കേന്ദ്രങ്ങരം കേരളത്തിലെ എല്ലാ ജില്ലകളിലും കളക്ടറേററുകളുമായി ബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്. ഈ ജില്ലാ കേന്ദ്രങ്ങളിൽ ഡാററ ശേഖരിക്കുന്നതിനും അവ വിവിധ കേന്ദ്രങ്ങളിൽ അയക്കുന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തലസ്ഥാനമായ തിരുവനന്തപുരത്ത് അവരുടെ സംസ്ഥാന കേന്ദ്രം പ്രവർത്തിക്കുന്നു. ഈ സംവിധാനം മററു സംസ്ഥാനങ്ങളിലും ഏറെക്കുറെ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഉപഗ്രഹത്തെ ആശ്രയിച്ചാണ് ഡാററ വിനിമയം നടക്കുന്നത്. പ്രസ്തുത സംവിധാനം സാക്ഷരതാ പ്രവർത്തനത്തിൻെറ രണ്ടാം ഘട്ടത്തിന് ഉപയോഗിക്കാനുള്ള സാദ്ധ്യത ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോരം സംസ്ഥാനത്തിലെ പല വകുപ്പുകളും ഈ സംവിധാനം ഉപയോഗിച്ചു വരുന്നുണ്ട്. താമസിയാതെ ഒരു ഉദ്യോഗസ്ഥതല ചർച്ച നടത്തുന്നതാണ്. ഇത് ഫലപ്രദമായി തീർന്നാൽ ഓരോ ജില്ലയിലേയും ഡാററ ക്രോഡീകരണം അതതു ജില്ലാ ആസ്ഥാനങ്ങളിൽ തന്നെ നിർവഹിക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെയുള്ളൊരു സംവിധാനത്തെ രണ്ടാമത്തെ തലത്തിലുള്ള എം. ഐ. എസ്. ആയി കണക്കാക്കാം. പ്രസ്തുത സംവിധാനത്തിൽ ഓരോ ജില്ലയിലും കൈകാര്യം ചെയ്യപ്പെടേണ്ട ഡാററ പരിമിതമായിരിക്കും. എന്നാൽ ഇതിന് ആവശ്യമായി വേണ്ടിവരുന്ന യന്ത്ര സംവിധാനവും മാനവശേഷിയും സാക്ഷരതാ സമിതിക്ക് നൽകേണ്ടതായിട്ടുവരും.

കേരളത്തെ സംബന്ധിച്ചിടത്തോളംമുകളിൽ പറഞ്ഞ രണ്ടു സംവിധാനങ്ങളുടെയും ഒരു സമ്മിശ്രമായിരിക്കും കരണീയമായിട്ടുള്ളത്. ഇതിൽ ചില വിവരങ്ങൾ ജില്ലാതലത്തിലും ചിലവ കേന്ദ്രതലത്തിലും ക്രോഡീകരണം നടത്താവുന്നതാണ്. താമസിയാതെ ഇതിനെ സംബന്ധിച്ച് പൂർണ്ണമായ വിവരം എല്ലാതലങ്ങളിലും അറിയിക്കുന്നതാണ്.

തുടർന്നു നടക്കുന്ന റിസോഴ്സ് പേഴ്സൺമാരുടെയും, മാസ്ററർ ട്രെയിനർമാരുടെയും, ഇൻസ്ട്രക്ററർമാരുടെയും പരിശീലന ക്യാമ്പുകളിൽ മോണിററിംഗിൻെറ ആവശ്യം ഊന്നി പറയേണ്ടതാണ് ഫലപ്രദമായ ഇൻഫർമേഷൻ ലഭിക്കണമെങ്കിൽ ശേഖരിക്കുന്ന ഡാററ കൃത്യവും സമയബന്ധിതവും ആയിരിക്കണം. ഇതിൽ നിന്നും റിപ്പോർട്ടിംഗിൻെറ പ്രാധാന്യം മനസിലാക്കാവുന്നതാണ്. ക്രോഡീകരണം നടത്തുന്നത് കംപ്യൂട്ടർ സംവിധാനം ഉപയോഗിച്ചുള്ളതായതുകൊണ്ട് ശേഖരിക്കുന്നഡാററ ഏകീകൃതവും ഒരു നിശ്ചിത രീതിയിലും (format) ആയിരിക്കണം. ഇതിലേക്ക് ആവശ്യമായി വേണ്ടിവരുന്ന കംപ്യൂട്ടർ പ്രോഗ്രാമുകളുടെ പേര് POLIS എന്നാണ് കൊടുത്തിരിക്കുന്നത്. ഇതിൽ PO, Post എന്ന വാക്കിൻെറ ആദ്യത്തെ രണ്ടക്ഷരവും L, Literacy യുടെ ആദ്യത്തെ അക്ഷരവും I, Information എന്ന വാക്കിൻെറ ആദ്യത്തെ അക്ഷരവും S, System എന്ന വാക്കിൻെറ ആദ്യത്തെ അക്ഷരവും ചേർന്നതാണ് (Post Literacy Information System) ഇതുമായി അനുബന്ധിച്ചുള്ള എല്ലാ ഫാറങ്ങളിലും POLIS എന്ന വാക്ക് ഉണ്ടായിരിക്കും.

ഒന്നാംഘട്ടം സാക്ഷരതാ പ്രവർത്തനത്തിൽ പ്രധാനമായും കണക്കുകളെ സംബന്ധിച്ച മോണിററിംഗ് ആയിരുന്നു നടന്നത് (quantitative monitoring) എന്നാൽ രണ്ടാം ഘട്ടത്തിൽ ഊന്നൽ നൽകേണ്ടത് ഗുണനിലവാരത്തിലാണ്. (qualitative monitoring) ഡാററ ശേഖരിക്കുന്നതിന് ആവശ്യമായ ഫാറങ്ങൾ സംസ്ഥാന കേന്ദ്രത്തിൽ നിന്ന് അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. മോണിററിംഗിൻെറ പ്രാധാന്യവും നടത്തേണ്ട വിവരത്തേയും കുറിച്ചുള്ള ഒരു ശരിയായ ധാരണ ഇൻസ്ട്രക്ററർ തലം വരെ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

രണ്ടാംഘട്ടത്തിൽ നേരത്തെ ക്ലാസിൽ ചേരാത്ത നിരക്ഷരർക്ക് വേണ്ടിയും ക്ലാസിൽ നിന്ന് പൊഴിഞ്ഞു പോയവർക്കു വേണ്ടിയും, ആദിവാസി മത്സ്യത്തൊഴിലാളി, ഭാഷാന്യൂനപക്ഷക്കാർ, എന്നിവർക്കുവേണ്ടിയും സാക്ഷരതാ പ്രവർത്തനം നടത്തേണ്ടതായി വരും. ഒന്നാം ഘട്ടത്തിലെ പോലെ മുകളിൽ പറഞ്ഞവർക്കു വേണ്ടിയുള്ള മൂല്യനിർണയവും നടത്തേണ്ടതായി വരും. മോണിററിംഗ് സംവിധാനത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

കേരള സാക്ഷരതാ സമിതി

രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം — തുടർ വിദ്യാഭ്യാസം

നിരക്ഷരർ, നവസാക്ഷരർ, ഇൻസ്ട്രക്ടർ, മാസ്റ്റർ, ട്രെയിനർ എന്നിവരെ കണ്ടുപിടിക്കാനുള്ള സർവേ

ജില്ല :
പ്രോജക്റ്റ് :
സബ് പ്രോജക്റ്റ്

സബ്പ്രോജക്റ്റ് കോഡ് :

വാർഡ്

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/
കോർപറേഷൻ :

സ്ക്വാഡ് നമ്പർ :

വീട്ടു നമ്പർ	വീട്ടുപേര്	പേര്	വയസ്സ്	സ്ത്രീ/പു	പട്ടികജാതി പട്ടിക വർഗം	സാക്ഷരതാ ക്ലാസിൽ പങ്കെടുത്തിരുന്നുഎങ്കിൽ				സാക്ഷരതാ ക്ളാസിൽ ചേർന്നിട്ടില്ലാത്ത നിരക്ഷരർ	സാക്ഷരതാ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ട്			6-14 വയസുള്ളവരിൽ സ്കൂളിൽപോകാത്തവർ/കൊഴിഞ്ഞുപോയവർ	മററു വിവരങ്ങൾ
						മൂല്യനിർണയത്തിൽ വിജയിച്ചു	മൂല്യനിർണയത്തിൽ പങ്കെടുത്തില്ല / വിജയിച്ചില്ല				ഇൻസ്ട്രക്ടർ ആയി	മാസ്റ്റർ ട്രെയിനർ ആയി	അക്കാഡമിക് കൗൺസിൽ അംഗമായി		
							പൂർത്തിയാക്കിയ പ്രൈമർ 1	2	3						
1	2	3	4	5	6	7	8	9	10	11	12	13	14	15	16

കേരള സാക്ഷരതാ സമിതി

രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം—തുടർ വിദ്യാഭ്യാസം

വാർഡുതല കൺസോളിഡേഷൻ ഫാറം

സ്ക്വാഡ്/വാർഡ്തല കൺസോളിഡേഷൻ ഫോറം

	മൂല്യനിർണയത്തിൽ വിജയിച്ച നവസാക്ഷരരുടെ എണ്ണം						മൂല്യനിർണയത്തിൽ പങ്കെടുക്കാത്തവരും വിജയിക്കാത്തവരും						സാക്ഷരതാക്ലാസിൽ ചേർന്നിട്ടില്ലാത്ത നിരക്ഷരർ						6-14വയസുള്ളവരിൽ സ്കൂളിൽ പോകാത്തവരും പഠിത്തം നിറുത്തിയവരും
	6-15	16-45	46-60	60 നു മുകളിൽ	പട്ടിക ജാതി	പട്ടിക വർഗം	6-15	16-45	46-60	60 നു മുകളിൽ	പട്ടിക ജാതി	പട്ടിക വർഗം	6-15	1 -45	46-60	60 നു മുകളിൽ	പട്ടിക ജാതി	പട്ടിക വർഗം	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
സ്ത്രീ																			
പുരുഷൻ																			
ആകെ																			

സ്ക്വാഡ് ലീഡറുടെ ഒപ്പ്

വാർഡ് മെമ്പറുടെ ഒപ്പ്

കേരള സാക്ഷരതാ സമിതി

രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം – തുടർ വിദ്യാഭ്യാസം

പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ കൺസോളിഡേഷൻ ഫോറം

POLIS 0 3 A

A

വാർഡ് നമ്പർ	മൂല്യ നിർണയത്തിൽ വിജയിച്ച സാക്ഷരരുടെ എണ്ണം													
	സ്ത്രീ					പുരുഷൻ					പട്ടികജാതി		പട്ടിക വർഗം	
	6-15	16-45	46-60	60നും മുകളിൽ	ആകെ	6-15	16-45	46-60	60നു മുകളിൽ	ആകെ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ
1	2	3	4	5	6	7	8	9	10	11	12	13	14	15

മൂല്യനിർണയത്തിൽ പങ്കെടുക്കാത്തവരും വിജയിക്കാത്തവരും.

POLIS 0 3 B

വാർഡ് നമ്പർ	സ്ത്രീ					പുരുഷൻ					പട്ടികജാതി		പട്ടികവർഗം	
	6-15	16-45	46-60	60നു മുകളിൽ	ആകെ	6-15	16-45	46-60	60നു മുകളിൽ	ആകെ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ
	16	17	18	19	20	21	22	23	24	25	26	27	28	29

സാക്ഷരതാ ക്ലാസിൽ ചേർന്നിട്ടില്ലാത്ത നിരക്ഷരർ

POLIS 0 3 C

വാർഡ് നമ്പർ	സ്ത്രീ					പുരുഷൻ					പട്ടികജാതി		പട്ടികവർഗം		6-14 വയസുള്ളവരിൽ സ്കൂളിൽ പോകാത്തവരും പഠിത്തം നിറുത്തിയവരും
	6-15	16-45	46-60	60നു മുകളിൽ	ആകെ	6-15	16-45	46-60	60 നു മുകളിൽ	ആകെ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	
	30	31	32	33	34	35	36	37	38	39	40	41	42	43	44

രണ്ടാംഘട്ട പ്രവർത്തനത്തിൻെറ ആവശ്യകത, സംഘടനാ രൂപം, തുടക്കത്തിൽ ഏറ്റെടുത്തു നടത്തേണ്ട പരിപാടികൾ

കഴിഞ്ഞ വർഷം നടന്ന അക്ഷര കേരളം സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൻെറ ഫലമായി സമ്പൂർണ്ണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന അഭിമാനകരമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. സാക്ഷരതാ പ്രസ്ഥാനത്തിനു് ജനകീയ പങ്കാളിത്തം അനിവാര്യമാണെന്നു തെളിയിക്കാനും ഇപ്രകാരം ഒരു വമ്പിച്ചജനകീയ മുന്നേററത്തിനു് മററു സംസ്ഥാനങ്ങൾക്ക് മാതൃകയാകാനും നമുക്ക് സാധിച്ചു. ഈ വമ്പിച്ച സംരംഭത്തിൻെറ വിജയം നമ്മുടെ ഇൻസ്ട്രക്ടർമാർ, മാസ്റ്റർട്രെയിനർമാർ, റിസോഴ്സ് പേഴ്സൺസ്, മററ് സാക്ഷരതാ പ്രവർത്തകർ എന്നിവരുടെ നിസ്വാർത്ഥ സേവനത്തിൻെറയും അർപ്പണ ബോധത്തിൻെറയും അകമഴിഞ്ഞ സഹകരണത്തിൻെറയും ഫലമാണ്. അഞ്ചു മുതൽ അറുപതു വയസുവരെയുള്ള 21 ലക്ഷത്തിൽപരം നിരക്ഷരരിൽ 17 ലക്ഷത്തോളം പേരെ രണ്ടു ലക്ഷത്തിൽപരം വരുന്ന ക്ലാസുകളിലെത്തിക്കാനും അവരിൽ 12 ലക്ഷത്തിൽപരം ആളുകളെ മൂല്യനിർണ്ണയത്തിലൂടെ സാക്ഷരത നേടിയവരായി പ്രഖ്യാപിക്കുവാനും നമുക്ക് വളരെ കുറഞ്ഞ ഒരു കാലയളവുകൊണ്ടു കഴിഞ്ഞു എന്നുള്ളത് അസൂയാവഹമായ നേട്ടം തന്നെയാണ്.

പക്ഷേ നമ്മുടെ സാക്ഷരതാ പ്രവർത്തനം വളരെ വലിയ ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അടിസ്ഥാന സാക്ഷരത നേടാൻ എടുക്കുന്ന സമയവും ഒരു തുടർ വിദ്യാഭ്യാസത്തിൻെറ അഭാവത്തിൽ നവസാക്ഷരർ നിരക്ഷരതയിലേക്ക് വഴുതി വീഴാനെടുക്കുന്ന സമയവും തമ്മിൽ വളരെ വലിയ ബന്ധമുള്ളതായി വിവിധ രാജ്യങ്ങളിൽ നടന്ന സാക്ഷരതാ പ്രവർത്തനത്തിൻെറ അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞംപോലുള്ള സമയ

ബന്ധിത പരിപാടിയിൽ കൂടി അടിസ്ഥാന സാക്ഷരത നേടിയവർക്ക് തുടർന്ന് പഠിക്കാൻ അവസരം ലഭിച്ചിട്ടില്ലെങ്കിൽ വളരെ പെട്ടെന്നുതന്നെ അവർ സ്വായത്തമാക്കിയ അക്ഷരജ്ഞാനവും അക്കജ്ഞാനവും നഷ്ടപ്പെടാനിടയുണ്ട്. കേരള സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിന് ശേഷം പലകാരണങ്ങളാലും നമ്മുടെ വളരെയേറെ ക്ലാസുകൾ നിലച്ചു പോയിട്ടുണ്ട്. വളരെ വലിയ ശതമാനം നവസാക്ഷരർ ഇതിനകം നിരക്ഷരരായി കഴിഞ്ഞിട്ടുണ്ടാവാം; വലിയൊരു വിഭാഗം നിമിഷംപ്രതി നിരക്ഷരതയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു വർഷത്തെ അത്യദ്ധ്വാനം കൊണ്ട് നമ്മൾ പടുത്തുയർത്തിയ ഈ പ്രസ്ഥാനം നശിച്ചുപോകാൻ അനുവദിച്ചുകൂടാ. എന്തുവിലകൊടുത്തും നാം നേടിയെടുത്ത ഖ്യാതിയും നേട്ടവും നില നിർത്തണം.

നമ്മുടെ നവസാക്ഷരരുടെ അടിസ്ഥാന സാക്ഷരത ഉറപ്പിക്കുവാനും നിലനിറുത്തുവാനും അവർ നേടുന്ന അറിവ് അവരുടെ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കുവാനും അവരെ സഹായിക്കേണ്ടതുണ്ട്. ഇൻസ്ട്രക്റ്റർമാർ പഠിപ്പിക്കുക എന്ന പ്രാഥമിക സാക്ഷരതാ പ്രവർത്തനത്തിൽ നിന്നും സ്വയം പഠനത്തിലേക്ക് അവരെ നയിക്കാൻ കഴിയണം. സ്വന്തം ദുരവസ്ഥയ്ക്കുള്ള കാരണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാനും അവയ്ക്കെതിരെ സംഘടിച്ച് കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം കണ്ടെത്താനും വികസനപ്രവർത്തനത്തിൽ ഫലപ്രദമായി പങ്കെടുക്കാൻ പ്രാപ്തി നേടിയെടുക്കാനും അവരെ കഴിവുള്ളവരാക്കണം. എങ്കിൽ മാത്രമേ സാക്ഷരതാ പ്രവർത്തനത്തിന്റെ ഉദ്ദേശലക്ഷ്യം പൂർത്തിയാക്കാനാകൂ. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ ഒരു തുടർ വിദ്യാഭ്യാസ പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. അക്ഷരകേരളം സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുടെ പ്രഥമഘട്ടം നടപ്പിലാക്കിയ കേരള സാക്ഷരതാ സമിതി തന്നെയാണ് ഈ തുടർവിദ്യാഭ്യാസ പദ്ധതിയും നടപ്പിലാക്കുക. രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ സംഘടനാ രൂപം താഴെ കൊടുക്കുന്നു.

കേരള സാക്ഷരതാ സമിതി

ജനറൽ കൗൺസിൽ

എക്സിക്യൂട്ടീവ് കമ്മററി

സ്റ്റേററ് സെൻറർ സംസ്ഥാനതല അക്കാദമിക് കോർ ഗ്രൂപ്പ്

ജില്ലാ സാക്ഷരതാസമിതി

എക്സിക്യൂട്ടീവ് കമ്മററി

ജില്ലാ കോർഡിനേഷൻ സെൻറർ

ജില്ലാതല അക്കാദമിക് കൗൺസിൽ

പ്രോജക്ററ് ഓഫീസ്

സബ് പ്രോജക്ററ് ഓഫീസ്

സബ് പ്രോജക്ററ് അക്കാദമിക് കൗൺസിൽ

പഞ്ചായത്ത് സാക്ഷരതാ സമിതി

പഞ്ചായത്ത്തല അക്കാദമിക് കൗൺസിൽ

ജനവിദ്യാകേന്ദ്രം — വാർഡ് സാക്ഷരതാ സമിതി

വാർഡ്തല അക്കാദമിക് കൗൺസിൽ

അക്ഷരസംഘം

ക്ലാസുകറം

രണ്ടാംഘട്ട പ്രവർത്തനത്തിൻെറ ഭാഗമായി ഏറെറടുത്തു നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു,

1. പ്രഥമഘട്ടം സാക്ഷരതാ പ്രവർത്തനത്തിലൂടെ സാക്ഷരരായവരുടെ പൊതുവെ ദുർബലമായ അക്ഷരജ്ഞാനം അക്കജ്ഞാനം, പൊതുവിജ്ഞാനം എന്നിവ ഉറപ്പിക്കുകയുംനിലനിർത്തുകയും വികസിപ്പിക്കുകയും. ചെയ്യുക.

2. പഠിതാവ് നേടിയ ഭാഷാഗണിത കൗശലം തൻെറ ജീവിതത്തിൻെറ വിവിധ തുറകളിൽ പ്രയോജനപ്രദമായ രീതിയിൽ പ്രയോഗിക്കുവാൻ പഠിതാവിനു് കഴിവും ആത്മവിശ്വാസവും ഉണ്ടാക്കുക.

3. ഇൻസ്ട്രക്ടർമാർ പഠിപ്പിക്കുക എന്ന നിലയിൽനിന്നും തനിയെ വായിക്കാനും പഠിക്കാനും കണക്കുകൾ ചെയ്യാനും സ്വയംപഠനം തുടരുന്നതിനും പഠിതാവിനെ പ്രാപ്തനാക്കുക.

4. നവസാക്ഷരർക്കു സ്വയം വായിക്കാനും അറിവ്നേടാനും രസിക്കാനും തക്കതായ ചെറുപുസ്തകങ്ങൾ തയ്യാറാക്കി നല്കുക.

5. ഒന്നാം ഘട്ടപ്രവർത്തനത്തിനിടയിൽ ക്ലാസുകളിൽ നിന്നും കൊഴിഞ്ഞുപോയ നിരക്ഷരരെ ക്ലാസിലെത്തിച്ചു തുടർന്നു പഠിപ്പിക്കുക.

6. ഒന്നാം ഘട്ടപ്രവർത്തനത്തിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയ നിരക്ഷരരെ, പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾ ഉൾക്കാട്ടിൽ താമസിക്കുന്ന ആദിവാസികൾ, തമിഴ് ഭാഷ സംസാരിക്കുന്നവർ എന്നീ വിഭാഗങ്ങളിലുള്ള നിരക്ഷരരെ കണ്ടുപിടിച്ച് അവർക്കായി സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കുക.

7. സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങളുമായി സാക്ഷരതാ പ്രസ്ഥാനത്തെ ഫലപ്രദമായി കോർത്തിണക്കി കൊണ്ടു പോകുക.

8. ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള നിരക്ഷരരായ കുട്ടികൾക്ക് അടിസ്ഥാന സാക്ഷരത നല്കി അവരെ സ്കൂളിൽ പ്രവേശിപ്പിച്ച് പഠിപ്പിക്കുവാൻ ഏർപ്പാടാക്കുക; അതിനായി അവരുടെ മാതാപിതാക്കൾക്ക് വേണ്ട ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

9. എസ്. എസ്. എൽ. സി/പ്രീഡിഗ്രി പരീക്ഷയിൽ തോററ് പഠിത്തം തുടരാനാകാതെ നില്ക്കുന്ന ഇൻസ്ട്രക്ടർമാർക്കു് തുടർന്നു പഠിക്കാനും ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ

ശേഷിയും നല്കാനും വേണ്ട നടപടികൾ ആവിഷ്ക്കരിക്കുക.

അക്ഷരസംഘങ്ങൾ

ഒരു വാർഡിലെ നാലോ അഞ്ചോ ക്ലാസുകളിലെ നവസാക്ഷരർ ഇൻസ്ട്രക്ടർമാർ, മാസ്റ്റർ ട്രെയിനർ, മററു പ്രവർത്തകർ എന്നിവർ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ആഴ്ചയിൽ രണ്ടുതവണയെങ്കിലും ഒത്തുകൂടി നവസാക്ഷര പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ മുതലായവ വായിക്കുകയും പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നു.

അവരുടെ തൊഴിൽ സംബന്ധിച്ചും സാമൂഹികമായും ഒററയ്ക്കും കൂട്ടായുമുള്ളതായ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കാണുകയും കൂട്ടായ പ്രവത്തനങ്ങൾക്ക് പശ്ചാത്തലമൊരുക്കുകയും ചെയ്യുന്നു. നവസാക്ഷരരുടെ തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനും അതുപ്രകാരം അവരുടെ വരുമാനത്തിൽ വദ്ധനവ് വരുത്തുവാനും കളമൊരുക്കുന്നു. കൂട്ടായതും ആസൂത്രിതവുമായ പ്രവത്തനത്തിലൂടെ പഞ്ചായത്ത് സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ ഈ അക്ഷരസംഘങ്ങൾ പിൽക്കാലത്ത് തൊഴിൽശാലകളോ കുടിൽ വ്യവസായ കേന്ദ്രങ്ങളോ ആയി മാറാവുന്നതും അപ്രകാരം വിജ്ഞാനത്തിൻെറയും വികാസത്തിൻെറയും കേന്ദ്രങ്ങളായി മാറാവുന്നതുമാണ്. ഈ അക്ഷരസംഘങ്ങൾക്ക് വേണ്ട പുസ്തകങ്ങൾ ആവശ്യാനുസരണം എത്തിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ ചെയ്തതുപോലെ മററു പഠന സാമഗ്രികൾ തദ്ദേശീയമായി സംഭരിക്കാനും അതുവഴി ഇവയുടെ നടത്തിപ്പിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ശ്രമിക്കണം. വാർഡ് അക്കാദമിക് കൗൺസിലും ജനവിദ്യാ കേന്ദ്രവും ഈ അക്ഷരസംഘങ്ങൾക്ക് നേതൃത്വം വഹിക്കും.

ജനവിദ്യാകേന്ദ്രങ്ങൾ

ഓരോ പഞ്ചായത്തിലും മുനിസിപ്പാലിററിയിലും കോർപ്പറേഷനിലും മൂന്നോ നാലോ ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കും. വായനശാലകൾ, ഗ്രന്ഥശാലകൾ, ആർട്സ് ആൻറ് സ്പോർ

ട്സ്ക്ലബ്ബുകൾ മുതലായവയുമായി ബന്ധപ്പെടുത്തി അവിടെയുള്ള സൗകര്യങ്ങൾ നവസാക്ഷരർക്കായി പ്രയോജനപ്പെടുത്തി ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നാണ് വിഭാവന ചെയ്തിട്ടുള്ളത്. ഓരോ കേന്ദ്രത്തോടും ചേർന്ന ഒരു നവസാക്ഷര ഗ്രന്ഥശാല/നവസാക്ഷര കോർണർ ഒരുക്കണം. പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മിററിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രം അക്ഷര സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കും വികസനവേദി , വിജ്ഞാനവേദി, വനിതാവേദി എന്നിങ്ങനെ അറിയപ്പെടുന്ന മററു പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കണം. സന്നദ്ധ സാക്ഷരതാ പ്രവർത്തകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാളായിരിക്കും ഈ കേന്ദ്രത്തിൻെറ വോളണ്ടിയർ കൺവീനർ.

വിജ്ഞാന വേദി

സ്ക്കൂളുകളിൻ നിന്നും ഇടയ്ക്കു വച്ച് പഠനം നിർത്തിയ കുട്ടികൾ, പല കാരണങ്ങളാലും പഠിത്തത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾ എന്നിവരെ കണ്ടുപിടിച്ച് ഇവർക്കു പ്രത്യേക പരിശീലനം നല്കി സ്കൂളുകളിൽ ചേർത്തു് തുടർന്നു പഠിക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

വികസന വേദി

ഒരു പ്രദേശത്തെ ഓരോ പ്രശ്നവും മനസ്സിലാക്കി ജനകീയ പങ്കാളിത്തത്തോടെ പരിഹാരമാർഗങ്ങൾ നടപ്പിലാക്കുന്ന ഈ സംവിധാനം അക്ഷര സംഘങ്ങളുടെയും ജനവിദ്യാകേന്ദ്രങ്ങളുടെയും ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമായി മാറണം.

വനിതാവേദി

നമ്മുടെ പ്രവർത്തകരിലും പഠിതാക്കളിലും വലിയൊരു വിഭാഗം സ്ത്രീകളാണ്. ഇവരുടെ സാമൂഹികോന്നമനത്തിനും സാമ്പത്തിക വികാസത്തിനും അനുയോജ്യമായപ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുവാൻ ഓരോ വാർഡ് അക്കാദമിക് കൗൺസിലുമായി ബന്ധപ്പെട്ട് വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംഘമാണ് വനിതാവേദി.

തുടർ വിദ്യാഭ്യാസ പ്രവർത്തനത്തോടനുബന്ധിച്ച് നടത്താവുന്ന നിരവധി പ്രവർത്തനങ്ങളിൽ ചിലതുമാത്രമാണിവ. വികസന പ്രവർത്തനങ്ങൾക്കും ബോധവത്ക്കരണത്തിനും നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളുടെ സാധ്യതകൾ നിരവധിയാണ്. ഓരോ പ്രദേശത്തിൻെറയും പ്രത്യേകതകളനുസരിച്ച് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

പ്രാരംഭപ്രവർത്തനങ്ങൾ

ആദ്യഘട്ടത്തിലുണ്ടായിരുന്ന എല്ലാ സാക്ഷരതാ ക്ലാസുകളും പുനരാരംഭിക്കണം. മൂല്യനിർണയം വിജകരമായി പൂർത്തിയാക്കിയ എല്ലാ പഠിതാക്കളെയും ആദ്യത്തെ മൂന്നു പാഠാവലിയുടെ ആവർത്തനം, വിരസത തീർത്തും ഒഴിവാക്കി; 40-50 മണിക്കൂർ (2-2½ മാസം) കൊണ്ടു നടത്തി അക്ഷരസംഘങ്ങൾ വഴി നാലാം പ്രൈമറിലെത്തിക്കുകയും ചെയ്യണം.

പ്രഥമ ഘട്ട സാക്ഷരതാ പ്രവർത്തനത്തിൻെറ വിവിധ തലങ്ങളിൽ എത്തിയ പഠിതാക്കൾക്ക് പാഠങ്ങളുടെ ആവർത്തനത്തോടെ പരിശീലനം തുടർന്ന് നടത്തി മൂല്യനിർണയം പൂർത്തിയാക്കുവാനും ഉത്തര സാക്ഷരതാ പരി പാടിയിൽ പങ്കുചേരാനും അവസരം ഉണ്ടാക്കണം. വിവിധ കാരണങ്ങളാൽ ഇനിയും സാക്ഷരതാ കേന്ദ്രങ്ങളിലെത്തിയിട്ടില്ലാത്ത നിരക്ഷരരെ ക്ലാസുകളിലെത്തിക്കാനും അവരെ കൂടി സാക്ഷരരാക്കാനും സമഗ്രമായ പരിപാടി ആവിഷ്കരിക്കണം.

രണ്ടാംഘട്ടം തുടങ്ങുവാനുണ്ടായ കാലതാമസംമൂലവും മററുപല കാരണങ്ങളാലും പല സാക്ഷരതാ പ്രവർത്തകരും മുന്നിട്ട് ഇറങ്ങി വരാൻ മടിച്ചു നിൽക്കുകയാണ്. സാക്ഷരതാ പ്രവർത്തനത്തിൽ പരിചയവും താത്പര്യവും ഉള്ള എല്ലാആളുകളെയും കണ്ടുപിടിച്ച് സാക്ഷരതാ പ്രവർത്തനത്തിൽ സജീവമായി കൊണ്ടു വരേണ്ടത് ആദ്യഘട്ടപ്രവർത്തനത്തേക്കാളും ദുഷ്കരമായ ഈ രണ്ടാംഘട്ടത്തിൻെറ വിജയത്തിന് അനിവാര്യമാണ്.

1. പഞ്ചായത്തുതല കൺവെൻഷൻ

ഇതിനകം തന്നെ പഞ്ചായത്തു വാർഡ്തല സാക്ഷരതാ സമിതികളും അക്കാദമിക് കൗൺസിലുകളും പ്രോജക്ററ് ഓഫീസുകളും

സംഘടിപ്പിക്കുകയും ഏവർക്കും സമ്മതനായ ഒരു പഞ്ചായത്ത് ജോയിൻറ് കൺവീനറെ ചുമതല ഏല്പിക്കുകയും ചെയ്യുകാണുമല്ലോ? അടിയന്തിരമായി ഓരോ പഞ്ചായത്തിലും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹിക സന്നദ്ധ സംഘടനകളുടെയും പ്രതിനിധികൾ സാക്ഷരതാ പ്രവർത്തകർ അദ്ധ്യാപകർ, ഗവ: ഉദ്യോഗസ്ഥന്മാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ ഒരു സാക്ഷരതാ കൺവെൻഷൻ വിളിച്ചു കൂട്ടണം. ഈ കൺവെൻഷനിൽ വച്ച് വാർഡ് തലത്തിൽ സ്ക്വാഡുകൾ സംഘടിപ്പിക്കുകയും ഇൻസ്ട്രക്ടർമാരെയും മററു പ്രവർത്തകരെയും നേരിട്ടു കണ്ട് രണ്ടാം ഘട്ട പ്രവർത്തനത്തിലും പരിശീലന ക്യാമ്പുകളിലും എത്തിക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. പഞ്ചായത്തു തലത്തിൽ നടത്തേണ്ട കലാജാഥ, പദയാത്രകൾ, നവസാക്ഷര മേളകൾ തുടങ്ങിയ പ്രചാരണ പ്രവത്തനങ്ങൾക്ക് രൂപംകൊടുക്കണം. പഞ്ചായത്ത്/വാർഡ് തല സാക്ഷരതാ സമിതികൾ അക്കാദമിക് · കൗൺസിലുകൾ എന്നിവ സജീവമാക്കാനുള്ള നടപടികളും സ്വീകരിക്കണം. കൺവെൻഷനോടനുബന്ധിച്ച് സമൂഹത്തിൻെറ നാനാതുറകളിലുമുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജാഥയും പൊതുസമ്മേളനവും നവസാക്ഷരരുടെ കലാമേളകളും സംഘടിപ്പിക്കാവുന്നതാണ്.

2. വാർഡ് തലത്തിൽ സാക്ഷരതാ പ്രവർത്തകരെ സന്ദർശിക്കുക

ഓരോ വാർഡിലും ഒന്നോ രണ്ടോ സ്ക്വാഡുകൾ സംഘടിപ്പിച്ച് ഓരോ വീട്ടിലും കയറിയിറങ്ങി സാക്ഷരതാ പ്രവർത്തകരെ സംഘടിപ്പിക്കുകയും ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ നടത്തുകയുമാവാം. തുടക്കത്തിൽ അംഗസംഖ്യ താരതമ്യേന കറവാകാവുന്ന സ്ക്വാഡുകൾ ഓരോ പ്രവർത്തകനെയും നേരിട്ടു കണ്ട് സ്ക്വാഡിനോട് ചേർത്ത് ആ പ്രദേശത്ത് ഒരു ചലനം സൃഷ്ടിക്കത്തക്കവിധം വലിയ ഒരു സംഘടിതരൂപം കൊണ്ടേക്കണം.

3. വാർഡ് തലത്തിൽ ഇൻസ്ട്രക്ടർമാരുടെയും മററു പ്രവർത്തകരുടെയും യോഗം

വാർഡ് ഗൃഹസന്ദർശനം പൂർത്തിയാകുന്നതോടൊപ്പം ഇൻസ്ട്രക്ടർമാരുടെയും മാസ്റ്റർ ട്രെയിനർമാരുടെയും മററു സാക്ഷരതാ പ്രവർത്തകരുടെയും ഒരു യോഗം വാർഡ് തലത്തിൽ സംഘടിപ്പിക്കുകയും ഇൻസ്ട്രക്ടർമാരുടെ പരിശീലന ക്ലാസുകൾ വിജയകരമാക്കുന്നതിനായി തീരുമാനമെടുക്കുകയും സാക്ഷരതാ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലതയോടെ നടത്താനുള്ള പരിപാടികൾ ആവിഷ്കരിക്കുകയുമാവാം.

ഇതിനു തുടർച്ചയായി പഠിതാക്കളെ കണ്ടെത്താനും ക്ലാസുകളിലെത്തിക്കാനുമായി ആവിഷ്കരിക്കുന്ന ഏകദിന ഗൃഹസന്ദർശന പരിപാടി ഒരു വമ്പിച്ച ജനകീയ മുന്നേററമാക്കി മാററാൻ കഴിയണം. വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നായകന്മാരുടെ നേതൃത്വത്തിൽ ഈ ഗൃഹസന്ദർശന പരിപാടി ആവേശമുളവാക്കുന്നതാക്കി മാററണം. ഒന്ന്-ഒന്നരമാസം കൊണ്ട് ക്ളാസുകൾ എല്ലാം തന്നെ പുനരാരംഭിക്കുന്നതിനും എല്ലാ പഠിതാക്കളെയും ക്ളാസിലെത്തിക്കുന്നതിനുമായ ഊർജ്ജിതമായ സംരംഭം തുടരണം. കുടുംബസദസ്സുകൾ, പഠന യാത്രകൾ, വിശിഷ്ട വ്യക്തികളുടെ ക്ളാസു സന്ദർശനം, ഗ്രാമ പാർലമെൻറ് നവസാക്ഷര കലാമേളകൾ, മററ് സാമൂഹിക പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ പരിപാടികൾ ഒന്നിനു പുറകേ ഒന്നായി ആവിഷ്ക്കരിക്കുന്നത് ക്ളാസുകളെ ജീവസ്സുററതായി മാററുന്നതിനു സഹായിക്കും.

ഒരു പ്രദേശത്തെ നാലോ അഞ്ചോ ക്ളാസുകളിലെ പഠിതാക്കളും ഇൻസ്ട്രക്ടർമാരും ആഴ്ചയിൽ രണ്ടു തവണയെങ്കിലും ഒരു പ്രത്യേക സ്ഥലത്ത് ഒന്നിച്ചുകൂടി അനുഭവങ്ങൾ പങ്കിടുകയും ഒരുമിച്ചു വായിക്കുകയും എഴുതുകയും പ്രാദേശിക പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുകയും ചെയ്യുന്നത് ഒരു സ്ഥിരം പരിപാടിയായി മാററണം.

ഈ പ്രവർത്തനം ഉടനടി തുടങ്ങേണ്ടതായിട്ടുള്ള അക്ഷരസംഘങ്ങളുടെ രൂപീകരണത്തിനും തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിൻെറ വിജയത്തിനും സഹായകരമാകും.